# ഗിരിനാദം



തിരുവല്ല അതിഭദ്രാസന ബുള്ളറ്റിൻ

വാല്യം 23 | ലക്കം 2

2020 ഒക്ടോബർ - ഡിസംബർ




## ഏവർക്കും ക്രിസ്തുമസ് ആശംസകൾ



തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നടന്ന അഭി. ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ അഭി. ഏബ്രഹാം മാർ ജൂലിയോസ് തിരുമേനിയെക്കുറിച്ച് തയ്യാറാക്കിയ Festschriftന്റെ പ്രകാശനം അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു.



കുരിശുംമൂട്ടിൽ ജോർജ് റമ്പാന്റെ മെത്രാഭിഷേക ശുശ്രൂഷകൾക്ക് തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭി.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികത്വം വഹിക്കുന്നു. കോട്ടയം ക്നാനായ കത്തോലിക്കാ അതി ഭദ്രാസനാദ്ധ്യക്ഷൻ അഭി.മാർ മാത്യൂ മൂലക്കാട്ട്, അഭി.മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നിവർ സഹകാർമ്മികത്വം വഹിച്ചു.




കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കർഷക ഐക്യദാർഢ്യ യാത്രയിൽ തിരുവല്ല അതിരൂപത അദ്ധ്യക്ഷൻ അഭി.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ആശംസകൾ അറിയിക്കുന്നു. സഹോദരീ സഭകളിലെ അഭിവന്ദ്യ പിതാക്കന്മാർ സമീപം.

# ഗിരിനാദം

## തിരുവല്ല അതിഭദ്രാസനം

സ്ഥാപിതം : ജൂൺ 11 1932


| വാല്യം | 23 | ലക്കം | 2 | 2020 | ഒക്ടോബർ – ഡിസംബർ |
|---|---|---|---|---|---|

# താളുകളിൽ...


| | പേജ് |
|---|---|
| ഇടയ ലേഖനം & സർക്കുലർ | 3-18 |
| ഭാരത - കേരള സഭ വാർത്തകൾ | 19-21 |
| മലങ്കര കത്തോലിക്കാ സഭ വാർത്തകൾ | 22-24 |
| അതിഭദ്രാസന വാർത്തകൾ | 25-30 |
| മൈനർ സെമിനാരി | 31 |
| മതബോധന കാര്യാലയം | 32 |
| ഫാമിലി അപ്പസ്തോലേറ്റ് | 33 |
| ബൈബിൾ അപ്പസ്തോലേറ്റ് | 33 |
| എം.സി.വൈ.എം. | 33-35 |
| എം.സി.എ. | 35-36 |
| സുവിശേഷസംഘം | 36 |
| സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി | 36-37 |
| സാമൂഹ്യക്ഷേമ പ്രവർത്തനം | 38-39 |
| ആതുര ശുശ്രൂഷ രംഗം | 40-43 |
| വിദ്യാലയ പ്രേഷിത വേദി | 43-47 |
| അറിയിപ്പുകൾ | 48 |



**PATRON**
**Most Rev. Dr. Thomas Mar Koorilos**

**CHIEF EDITOR**
**Rev. Dr. Cherian Kottayil**
Chancellor
Mob. 9605536290

**Editor**
**Fr. Stanly Thenguvelil**
Mob: 9744210075

**Published by**
The Chancellor,
Catholic Archbishop's House,
Tiruvalla.

**Printed at**
St. Joseph's Offset Printing Press,Tiruvalla. Ph0469 2602936
E-mail :mgirinadam@gmail.com

— — — — — — — — — — — — — — —

# SYRO MALANKARA CATHOLIC CHURCH
## ARCHDIOCESE OF TIRUVALLA

**Most. Rev.Dr.Thomas Mar Koorilos**
Metropolitan Archbishop

**Catholic Archbishop's House, Marygiri**
P.B.No.4, Tiruvalla - 689101 Tiruvalla

**Circular No. 8 / 2020**

17.09.2020

ബഹു. ജനറാളച്ചന്മാരെ, കോർ എപ്പിസ്ക്കോപ്പാമാരെ, റമ്പാച്ചാ, വൈദിക സഹോദരങ്ങളെ, സന്യസ്തരെ, പ്രിയ അല്മായ സഹോദരങ്ങളെ!

**1) പുനരൈക്യ നവതി**

പുനരൈക്യ നവതിയുടെ ആത്മീയാനുഗ്രഹങ്ങൾ നമുക്കു പ്രാപിക്കാം. മാവേലിക്കരയിൽ വച്ചു നടക്കുന്ന നവതി ആചരണത്തിന് എല്ലാവിധ പിന്തുണയും നേരാം. നമ്മുടെ പുണ്യപിതാക്കന്മാരുടെ ചോരനീരാക്കി കെട്ടിപടുത്ത സഭയെക്കുറിച്ച് നമുക്ക് അഭിമാനപൂരിതരാകാം. മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കളായ നമ്മെ സംബന്ധിച്ച് മാർ ഈവാനിയോസ് പിതാവിന്റെ തീരുമാനങ്ങളും അതിലെ പരിശുദ്ധാത്മ നടത്തിപ്പും നാം ശക്തമായി തിരിച്ചറിയുന്ന സമയമാണ് നവതിയുടെ ഈ കാലഘട്ടം. ആര് ശരി, ആര് തെറ്റ് എന്നു പറഞ്ഞ് ആത്മപ്രശംസ പറയുകയല്ല - മറിച്ച് ദൈവപദ്ധതികളുടെ ഉൾക്കാമ്പ് തിരിച്ചറിയുക എന്നതാണ് പ്രധാനം. സഭാഭിന്നതയുടെയും വ്യവഹാരങ്ങളുടെയും മദ്ധ്യേ നിന്നും ശാന്തമായും സമാധാനപരമായും ദൈവാരാധന നടത്തുവാൻ തൊണ്ണൂറുവർഷം മുമ്പ് മാർ ഈവാനിയോസ് പിതാവിലൂടെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് തുറന്നുതന്ന പുനരൈക്യത്തിന്റെ വഴിയിൽ നാം വളരെ ഏറെ മുന്നേറി. അത് സഭയ്ക്കും സമൂഹത്തിനും വലിയ നന്മയുമായി ഭവിച്ചു. മലങ്കര സുറിയാനി സഭാമക്കളായ നാം ഇതിലെല്ലാം വളരെയധികം വിനയാനിതരായി ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

സഭാമക്കളുടെ ചെയ്തികൾകൊണ്ട് പൊതുസമൂഹത്തിൽ സഭ അവഹേളിക്കപ്പെടുമ്പോൾ യേശുക്രിസ്തുവാണ് വീണ്ടും പീഡിപ്പിക്കപ്പെടുന്നത്. നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് ഓർമ്മവന്നാൽ ബലിവസ്തു അവിടെ വച്ചിട്ട് സഹോദരനുമായി രമ്യപ്പെട്ട് വന്ന് ബലിയർപ്പിക്കാൻ ആഹ്വാനം ചെയ്ത കർത്താവ് യേശുമിശിഹായുടെ ശിഷ്യർ, സഹോദരനെ പുറത്താക്കി ബലിയർപ്പിക്കാൻ

പരിശ്രമിക്കുന്ന കാഴ്ച വിരോധാഭാസമല്ലാതെ മറ്റെന്താണ്? മാധ്യമങ്ങളിലൂടെ ഇതൊക്കെ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ മാർ ഈവാനിയോസ് പിതാവിന്റെ തീരുമാനവും ചെയ്തികളും എത്രയോ ദൈവികമായിരുന്നു എന്ന് സമൂഹം തിരിച്ചറിയുന്നു.

കൊറോണക്കാലമായതുകൊണ്ട് നമ്മുടെ പൊതുആരാധനകൾ ഏറെ ശുഷ്കമായി എന്നു നമുക്കറിയാം. പലകാര്യങ്ങളും വ്യത്യസ്തമായി ചെയ്യേണ്ടതായി വരുന്നു. ദൈവാലയ കേന്ദ്രീകൃതമായ പ്രാർത്ഥനകളുടെയും ആരാധനകളുടെയും സമയദൈർഘ്യം കുറക്കേണ്ടതായി വരുന്നു. ആരാധനയുടെ ബാഹ്യഭാവങ്ങളല്ല ആന്തരീക അർത്ഥമാണ് നാം പരിഗണിക്കേണ്ടത്. അതിനാൽ കൊറോണാകാലത്തിന്റെ സാമൂഹിക അകലവും അടച്ചുപൂട്ടലിന്റെ നിബന്ധനകളും കൃത്യമായി പാലിച്ചുകൊണ്ട് നമ്മുടെ ആത്മീക ജീവിതത്തെ പോഷിപ്പിക്കുവാൻ നമുക്ക് സാധിക്കണം. ബഹു. വികാരിമാർ അതിനുവേണ്ട സാധ്യമായ എല്ലാ സംവിധാനങ്ങളും ക്രമീകരിക്കുന്നതിൽ നന്ദിയുണ്ട്. അതുശക്തമായി തുടരണം. നമ്മുടെ ജനത്തിന്റെ ഏതാവശ്യങ്ങളിലും നിറസാന്നിദ്ധ്യമാവാൻ ശ്രദ്ധിക്കണം.

പുണ്യ പിതാക്കന്മാരായ മാർ ഈവാനിയോസ് പിതാവും മാർ തെയോഫിലോസ് പിതാവും തെളിച്ച ദീപം ജീവിത ഗന്ധിയായിരുന്നു. നമുക്ക് നഷ്ടപ്പെട്ട ആദ്യ സ്നേഹം വീണ്ടെടുക്കാനുള്ള സന്ദർഭമാണ്, സമർപ്പണം പുതുക്കുന്ന സമയമാണ് പുനരൈക്യ നവതി. ആത്മീക വളർച്ചയുടെ സമയവുമാണ്. ഈ സാഹചര്യത്തെ നന്നായി പ്രയോജനപ്പെടുത്തി പുണ്യ പിതാക്കന്മാരുടെ മനസ് തിരിച്ചറിഞ്ഞ് അതിൽ വളരുക. അതുവഴിയായി ദൈവമനസിൽ ഇടം തേടുക. ചെറുതും വലുതുമായ എല്ലാ സൗന്ദര്യപിണക്കങ്ങളും മാറ്റിവച്ച് സുവിശേഷ സാക്ഷ്യം നിറവേറ്റുവാനും സഭയെ ബലപ്പെടുത്തുവാനും ശ്രമിക്കുക നമ്മുടെ ദൈവിക നിയോഗമാണ്.

**2) ബഹു. വർക്കി ചുണ്ടേവാലേൽ അച്ചന്റെ നിര്യാണം.**

അമയന്നൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ഇടവകാംഗമായിരുന്നു. ചുണ്ടേവാലേൽ മാത്യു-ശോശാമ്മ ദമ്പതികളുടെ ഇളയപുത്രനായി 1938 ഏപ്രിൽ 14 ന് അമയന്നൂരിൽ ജനിച്ചു. അമയന്നൂർ, കിടങ്ങൂർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം 1956-ൽ വൈദിക വിദ്യാഭ്യാസമാരംഭിച്ചു. തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ തത്വ- ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. തിരുവല്ല രൂപതാദ്ധ്യക്ഷൻ അഭി. സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവിൽ

നിന്ന് 1967 ഡിസംബർ 16 ന് വൈദികപട്ടം സ്വീകരിച്ചു. അവിഭക്ത തിരുവല്ല രൂപതയുടെ മിഷൻ പ്രദേശങ്ങളായ വയനാട്, കണ്ണൂർ പ്രദേശങ്ങളിൽ വൈദികശുശ്രൂഷ ആരംഭിച്ചു. കാർട്ടിക്കുളം,നടുവിൽ, തിരുമേനി, അറബി മിഷനുകളിലും കടവനാട് എസ്റ്റേറ്റിന്റെ മാനേജരായും സേവനം ചെയ്തു. 1975 മുതൽ മദ്ധ്യതിരുവിതാംകൂറിലെ കുമ്പനാട്, ഇരവിപേരൂർ, പുറമറ്റം, കളമ്പാല, വരവൂർ, ഇടത്തിക്കാവ്, മുക്കൂട്ടുതറ, അയിരൂർ, കാഞ്ഞീറ്റുകര, നെടുമ്പ്രം, അമിച്ചകരി, പൂഴിക്കുന്ന്, തൃക്കോമല, വെച്ചൂച്ചിറ, മണ്ണടിശാല, വെണ്ണിക്കുളം, വാലാങ്കര, തച്ചമം, കാഞ്ഞിരപ്പാറ, കടമാങ്കുളം, കല്ലൂപ്പാറ, ആനിക്കാട്, നൂറോമ്മാവ്, കൊല്ലാട് ഇടവകകളിൽ ശുശ്രൂഷ അനുഷ്ഠിച്ചു. അവസാന പാദത്തിൽ ജന്മദേശത്തിന് സമീപമുള്ള മാലം, വെള്ളൂർ, കീച്ചാൽ, മീനടം, എന്നീ ഇടവകകളിൽ സേവനമനുഷ്ഠിച്ചു.

2007 മുതൽ 2015 വരെ പ്രോട്ടോപ്രസ്ബിറ്റർ എന്ന നിലയിൽ കോട്ടയം വൈദിക ജില്ലയ്ക്ക് നേതൃത്വം നല്കി. അതോടൊപ്പം വെള്ളൂർ ലേഡീസ് ഹോസ്റ്റൽ ചാപ്ലെയ്നും മാനേജരുമായി ഒന്നര പതിറ്റാണ്ട് സേവനം ചെയ്തു. സഭയുടെ നിയമമനുസരിച്ച് 2015 ൽ വിശ്രമ ജീവിതത്തിലേയ്ക്ക് പ്രവേശിച്ചു. 2015 മുതൽ 2018 വരെ സഹോദരപുത്രനോടൊപ്പം ഭവനത്തിലും തുടർന്ന് കൂറ്റൂർ പള്ളിമലയിലെ ക്ലേർജിഹോമിലും ജീവിതസായന്തനത്തിൽ വിശ്രമജീവിതം നയിച്ചു. 2020 സെപ്റ്റംബർ 16ന് പ്രഭാതത്തിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തിരുവല്ല അതിഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ പിതൃസഹോദര പുത്രനാണ് ബഹു. ചുണ്ടേവാലേൽ വർക്കി അച്ചൻ.

പ്രിയ വർക്കി അച്ചൻ സേവന സന്നദ്ധതയും ഏതുത്യാഗവും ഏറ്റെടുക്കുവാനുള്ള മനസും എല്ലാവരോടും ഒത്തുപോകുന്ന പ്രകൃതവും സ്വന്തമായിരുന്ന വ്യക്തിയായിരുന്നു. മറ്റുള്ളവരുടെ കാര്യമാണെങ്കിലും സ്വന്തം കാര്യം എന്ന നിലയിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അഭി. തിമോത്തിയോസ് പിതാവിന് വാർദ്ധക്യസമയത്ത് വലിയ ഒരു സഹായിയായും അച്ചൻ വർത്തിച്ചിട്ടുണ്ട്. അച്ചൻ ഭാഗ്യവാനായി കടന്നുപോകുന്നു. ദൈവം ഈ അഭിഷിക്തന്റെ ആത്മാവിനെ തന്റെ സ്നേഹിതർക്കുള്ള കണ്ണുകണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും മനുഷ്യസങ്കല്പത്തിൽ എത്തിച്ചേർന്നിട്ടില്ലാത്തതുമായ സമ്മാനം നൽകി അനുഗ്രഹിക്കട്ടെ.

— — — — — — — — — — — — —

**3) അഭി. സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവിന്റെ ഓർമ്മത്തിരുനാൾ**

ക്രാന്തദർശിയായ അഭി. സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവിന്റെ 43-ാം ഓർമ്മത്തിരുനാൾ ഈ മാസം 28-ാം തീയതി ആണല്ലോ. സഭയുടെ ഒരു ദിശാസന്ധിയിൽ നേതൃത്വം കൊണ്ടും ജീവിതം കൊണ്ടും മലങ്കര സഭയുടെ തനിമ കാത്തു സൂക്ഷിക്കുവാൻ യത്നിച്ച ഈ ദിവ്യാത്മാവ് സ്നേഹത്തിന്റെ മൂർത്തരൂപമായിരുന്നു. പിതാവിനെപ്പറ്റിയുള്ള ഓർമ്മകൾ ചരിത്രപരമായും അനുഭവ പരമായും പങ്കുവയ്ക്കുന്ന സുന്ദരമായ ഒരു ഗ്രന്ഥം തയ്യാറായിരിക്കുന്നു. പിതാവിന്റെ ജീവിതത്തെക്കുറിച്ച് 40-ൽ അധികം പേർ പങ്കുവയ്ക്കുന്ന അനുഭവത്തിന്റയും അറിവിന്റെയും,ആദരവിന്റെയും ചെപ്പുകൾ ഈ ഓർമ്മത്തിരുനാൾ ദിനത്തിൽ പുസ്തക രൂപത്തിൽ പ്രകാശനം ചെയ്യുവാൻ സാധിക്കുന്ന രീതിയിൽ നമ്മുടെ മുഖ്യ വികാരി ജനറാൾ ബഹു. താഴമൺ ചെറിയാനച്ചൻ പണിപ്പുരയിൽ ആണ്. സ്നേഹവും ഭക്തിയും പാരമ്പര്യവും കരുണയും നിശ്ചയദാർഢ്യവും ദീർഘവീഷണവും മുൻകൂട്ടിയുള്ള പദ്ധതികളുടെ ആവിഷ്കാരവും നടത്തിപ്പും സാമ്പത്തിക മേഖലയിലെ അച്ചടക്കവും വലിയ സുസ്ഥിതിയും അഭി. പിതാവിന്റെ പ്രത്യേകതകൾ ആയിരുന്നു. വന്ദ്യ പിതാവിന്റെ ഓർമ്മത്തിരുനാളിനോടനുബന്ധിച്ച് **സെപ്റ്റംബർ 27-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 6 മണിക്ക് സന്ധ്യാപ്രാർത്ഥനയും 28-ാം തീയതി രാവിലെ 6. 30 ന് പ്രഭാത പ്രാർത്ഥനയും വി. കുർബാനയും** കബറിങ്കൽ ധൂപപ്രാർത്ഥനയും പുസ്തക പ്രകാശനവും ഉണ്ടായിരിക്കുന്നതാണ്.

നമ്മുടെ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമിസ് കാതോലിക്ക ബാവാതിരുമേനി ശുശ്രൂഷകൾക്കും വി. കുർബാനയ്ക്കും നേതൃത്വം നൽകുന്നതാണ്. എല്ലവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പെരി. ബഹു. ചെറിയാൻ താഴമൺ അച്ചനെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല. ഈ ഗ്രന്ഥം എല്ലാവരും വാങ്ങിവായിക്കുന്നത് നമ്മുടെ ചൈതന്യവത്തായ സഭാജീവിതത്തിന് ആഴങ്ങൾ നേടുവാൻ ഇടയാക്കും.

**4) വാർഷിക ധ്യാനം.**

സാമൂഹിക ആകലത്തിന്റെയും അടച്ചുപൂട്ടലിന്റെയും കൊറോണക്കാലം ഏറ്റവും അധികം ആത്മീക വളർച്ചയ്ക്കുള്ള സാഹചര്യം നമുക്ക് നല്കുന്നുണ്ട്. നമ്മുടെ വാർഷിക ധ്യാനം നേരത്തെ അറിയിച്ചി

രുന്നതുപോലെ **ഒക്ടോബർ 5 മുതൽ 9 വരെയുള്ള** ദിവസങ്ങളിൽ Zoom വഴിയായി ക്രമീകരിക്കുകയാണ്. ഇപ്പോൾ ഇങ്ങനെയാണ് പൊതുവെ പലയിടങ്ങളിലും ധ്യാനങ്ങൾ നടക്കുന്നത്.ബഹു. അച്ചന്മാർ ഈ ധ്യാനത്തിനുവേണ്ടി പ്രാർത്ഥിച്ചൊരുങ്ങണം. നാം നമ്മുടെ വൈദികമന്ദിരത്തിൽ തന്നെയായിരുന്നുകൊണ്ട് കൂടുതൽ ധ്യാനിക്കുവാനും വചനം വായിക്കുവാനും നിശബ്ദത പാലിക്കുവാനും സ്വയം നിയന്ത്രിച്ച് ഏറ്റം നല്ല ധ്യാനം നടത്തുവാനും പരിശ്രമിക്കണം. ഓരോ ദിവസത്തേക്കും ഓരോ passcode ആയിരിക്കും നൽകുക. ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഓർമ്മിപ്പിക്കട്ടെ. അവരവരുടെ Video, Audio കൾ Mute ചെയ്യണം. അല്ലെങ്കിൽ ധ്യാനഗുരു സംസാരിക്കുമ്പോൾ മറ്റുള്ളവരുടെ സംസാരങ്ങൾ കടന്നുവരാനും ധ്യാനഗുരുവിനെ വേണ്ടത്ര കേൾക്കാതിരിക്കാനും ഇടയായേക്കും. അതുകൊണ്ട് ഈ കാര്യങ്ങൾ മുൻകൂർ ചെയ്ത് കൃത്യമാക്കുമല്ലോ. ഇടവകജനത്തോട് ധ്യാനത്തിന്റെ കാര്യം പറയണം. പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടണം. നമ്മുടെ പൗരോഹിത്യ കൂട്ടായ്മയുടെ നിയോഗത്തിൽ ഒരു വി. കുർബാനയെങ്കിലും അർപ്പിക്കുകയും വേണം. ആരാധനയും പ്രാർത്ഥനയും ഇവിടെ നിന്നും ക്രമീകരിക്കുന്നതാണ്. ഈ ആത്മീക ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത്, കേരളത്തിലെ തടവറ ശുശ്രൂഷകൾക്കു ആരംഭം കുറിക്കുകയും, ടാക്സി-ഓട്ടോഡ്രൈവേഴ്സ് ഹെൽപ്പ് ലൈൻ സമാരംഭിക്കുകയും ചെയ്ത പാവങ്ങളുടെ അച്ചനെന്ന് അറിയപ്പെടുന്ന വർഗീസ് കരിപ്പേരിൽ അച്ചനായിരിക്കും. ബഹു. അച്ചൻ തിരുവല്ലായിൽ വന്നായിരിക്കും ധ്യാനം പ്രസംഗിക്കുക. എല്ലാവർക്കും അനുഗ്രഹകരമായ ധ്യാനം ആശംസിക്കുന്നു.

ക്രിസ്തുയേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ **തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം.

# SYRO MALANKARA CATHOLIC CHURCH
ARCHDIOCESE OF TIRUVALLA

**Most. Rev.Dr.Thomas Mar Koorilos**
Metropolitan Archbishop

**Catholic Archbishop's House, Marygiri**
P.B.No.4, Tiruvalla - 689101 Tiruvalla

**Circular No. 9/ 2020**

13.10.2020

ബഹു. ജനറാളച്ചന്മാരെ, കോർഎപ്പിസ്ക്കോപ്പാമാരെ, റമ്പാച്ചാ, വൈദിക സഹോദരങ്ങളെ, സന്യസ്തരെ, പ്രിയ അല്മായ സഹോദരങ്ങളെ!

**1) മിഷൻസൺഡേ**

ഒക്ടോബർ മാസത്തിലെ അവസാനത്തെ ഞായറാഴ്ചയ്ക്കു മുമ്പുള്ള ഞായറാഴ്ച സഭ ആഗോള മിഷൻ ഞായറായി ആചരിച്ചുവരുന്നു. ഈ ആണ്ടിൽ അത് 18-ാം തീയതി ആണ്. ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖയ്ക്ക് പരിശുദ്ധ മാർപാപ്പ എടുത്തിരിക്കുന്ന ബൈബിൾ ഭാഗം ഏശയ്യ 6:8 "ഇതാ ഞാൻ; എന്നെ അയച്ചാലും" എന്നതാണ്. പിതാവ് പുത്രനായ യേശുനാഥനെ അയച്ചു. പുത്രൻ നമ്മെ ലോകത്തിന്റെ അതിർത്തികളോളം സുവിശേഷ സംവാഹകരായി ആത്മാവിൽ അഭിഷേചിച്ച് അയച്ചിരിക്കുന്നു. പുത്രൻ പിതാവിന്റെ മിഷണറി ആയതുപോലെ നാമും പുത്രൻ തമ്പുരാന്റെ മിഷണറിമാർ ആണ്. മാമോദീസായിലൂടെയും ദൈനംദിനമുള്ള വി. കുർബാനയിലൂടെയും വചന ശ്രവണത്തിലൂടെയും നാം നിരന്തരമായി ഈ ആഹ്വാനം സ്വീകരിക്കുകയാണ്. യേശുനാഥനാകുന്ന സദ്വാർത്ത, നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ അവതാരമായ സദ്വാർത്ത, നാം സഹോദരങ്ങൾ ആണെന്ന് പഠിപ്പിച്ച അനുഭവ സദ്വാർത്ത, പ്രപഞ്ചവും അതിലുള്ള സകലതും ദൈവമഹത്വത്തിനും മനുഷ്യനന്മയ്ക്കും പ്രപഞ്ചത്തിന്റെ സുസ്തിതിക്കുമായി നൽകപ്പെട്ടിരിക്കുന്നു എന്ന സദ്വാർത്ത, ലോകത്തോടു ജീവിതഗന്ധിയായി സമർത്ഥിക്കുവാൻ "ഇതാ ഞാൻ, എന്നെ അയച്ചാലും" എന്ന് പറയുവാൻ സന്നദ്ധമാക്കുന്ന ഈ ദിനം അതിന്റെ എല്ലാ പ്രാധാന്യത്തോടുകൂടെയും നാം ആചരിക്കണം.

കൊറോണയുടെ ഈകാലത്തെ മിഷൻ ഞായർ ഏറെ അർത്ഥപൂരിതമാക്കുവാൻ ശ്രമിക്കണം. മനുഷ്യൻ ഏറെ ആത്മീകമായും സാമ്പ

— — — — — — — — — — — —

ത്തീകമായും വൈകാരികമായും തളർന്നിരിക്കുന്ന ഈ കാലയളവിൽ മിഷന്റെ പ്രസക്തിയും അതിന്റെ നാനാവിധ മാനങ്ങളും നമുക്കു പ്രചോദനം നൽകണം. മിസ്രേമിലെ ഇറച്ചിച്ചട്ടിയെക്കാൾ ദൈവജനത്തിന്റെ കഷ്ടപ്പാടിലുള്ള പങ്കുചേരൽ ഏറെ അഭികാമ്യമായി നാം സ്വീകരിക്കണം. നാം മറ്റുള്ളവരെ എല്ലാതരത്തിലും കരുതുവാൻ വിളിക്കപ്പെട്ടവരാണ്. ദൈവത്തിനു നമ്മുടെ സമർപ്പണത്തിന്റെ നൈർമ്മല്യമാണ് ഇഷ്ടം. സ്നേഹത്തിൽ മലിനത ചേർക്കാത്ത ഹൃദയങ്ങളാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. സുരക്ഷിതത്വത്തിന്റെ തുരുത്തുകളും മാളങ്ങളും ഉപേക്ഷിക്കണം. ജനത്തിന്റെ നിലവിളിയിൽ രൂപപ്പെടുന്നതാണ് ഓരോരുവന്റെയും ദൈവവിളി. ഈ കൊറോണയുടെ കാലത്ത് കൂടുതൽ പ്രാർത്ഥിച്ചും സ്വയം ത്യാഗങ്ങൾ എടുത്തും കർത്താവിന്റെ മുമ്പിൽ ഇരിക്കുവാൻ ഓരോരുത്തരും (വൈദികർ, സന്യസ്തർ, മാതാപിതാക്കൾ, യുവാക്കൾ, കുഞ്ഞുങ്ങൾ)തയ്യാറാകുമ്പോൾ ഏതൊരു കാലത്തേക്കാൾ ഈ കൊറോണകാലത്തെ മിഷൻ സൺഡേ അർത്ഥപൂരിതവും അനുഭവ സമ്പന്നവുമായിരിക്കും.

കൊറോണയുടെ കാലത്തെ അതിരൂപതയിലെ സേവനസന്നദ്ധരായ സമാരിറ്റൻസ് നമുക്ക് വലിയ പ്രചോദനമാണ്. കൂടെയിരിക്കുവാനും സഹായിക്കുവാനും മൃതസംസ്ക്കാരമുൾപ്പെടയുള്ളവ നിർവ്വഹിക്കുവാനും സ്വയം സമർപ്പിച്ച ഈ സന്നദ്ധസേനയെ ഇത്തരുണത്തിൽ നന്ദിയോടയെ അനുസ്മരിക്കുവാൻ കഴിയൂ. ഏറെ സാമ്പത്തീക ബാദ്ധ്യത വരുത്തി പണികഴിപ്പിച്ചിട്ടുള്ള സഭയുടെ പലസംവിധാനങ്ങളും കടഭീഷണിയുടെ നടുവിൽ പോലും ഇപ്രകാരമുള്ള ആവശ്യങ്ങളുടെ മുമ്പിൽ വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ, സംവിധാനങ്ങൾ, രോഗീ ചികിത്സയ്ക്കുവേണ്ടി എല്ലാ ക്രമീകരണങ്ങ ളും ചെയ്തു കൊടുക്കുന്ന നമ്മുടെ ഹോസ്പിറ്റലിലെ ഡോക്ടേഴ്സ്, നേഴ്സസ്, മറ്റുപ്രവർത്തകർ ഇവരെ നന്ദിയോടെ നമുക്കു സ്മരിക്കാം. "എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിരിക്കുന്നു. ആർക്കും ജോലി ചെയ്യാൻ കഴിയാത്തരാത്രി വരുന്നു(യോഹ.9/4)".

സമയവും അവസരവും ആർക്കും വേണ്ടി കാത്തിരിക്കില്ല. നമുക്കു എല്ലാസമയവും വിശിഷ്ഠമായി സ്വീകരിക്കാം. ഈ വർഷത്തെ മിഷൻ സംഭാവനകൾ മിഷനുവേണ്ടി അയച്ചു കൊടുക്കാൻ സാധിക്കുന്ന തരത്തിൽ മുന്നമെ തന്നെ അയച്ചുതരണം. മിഷനു കൊടുക്കു

— — — — — — — — — — — — — — —
മ്പോൾ "നമ്മുടെ മൺകലത്തിലെ മാവുകുറയുകയോ ഭരണിയിലെ എണ്ണ വറ്റുകയോ ചെയ്യില്ല". അനുഭവിച്ചറിയാം - ഈ സത്യത്തെ ഹൃദയം കൊണ്ടു ഏറ്റുപാടാം. ഭാഗ്യസ്മരണാർഹനായ നമ്മുടെ സേവേറിയോസ് പിതാവ് പറയുമായിരുന്നു : പുനരൈക്യത്തെക്കുറിച്ചു പറയാത്ത ദിനങ്ങൾ നഷ്ടമായി ഞാൻ കാണുന്നു എന്ന്. ഇതാണ് മിഷൻ ചൈതന്യം.

**2) പൗലോസ് മാർ ഫീലക്സിനോസ് പിതാവിന്റെ ഓർമ്മ**

ചായൽ രൂപതയുടെ സ്ഥാനികമെത്രാനും എഴുപതുകളിലെ പുനരൈക്യ ദീപവുമായിരുന്ന ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ ഫീലക്സിനോസ് പിതാവിന്റെ 22-ാം ഓർമ്മത്തിരുന്നാൾ നവംബർ 2, 3 തീയതികളിൽ നാം ആചരിക്കുകയാണ്. വന്ദ്യ പിതാവിന്റെ സഭാസ്നേഹവും സത്യസഭയോടുള്ള കൂറും സഹനത്തിലൂടെ സ്വീകാര്യമാക്കപ്പെട്ട ജീവിതവും നമ്മെ സന്തോഷിപ്പിക്കുന്നു. ഓർമ്മത്തിരുനാളിനോടനുബന്ധിച്ച് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നവംബർ 2-ാം തീയതി വൈകുന്നേരം 6 മണിക്ക് സന്ധ്യാനമസ്ക്കാരവും 3-ാം തീയതി രാവിലെ 6. 30 ന് പ്രഭാതപ്രാർത്ഥനയും വി. കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചയും ക്രമീകരിച്ചിരിക്കുന്നു.

**3) അറിയിപ്പ്**

ബഹു. മാത്യു വടക്കേക്കുറ്റച്ചൻ സ്വന്തതീരുമാനപ്രകാരം വൈദിക ജീവിതത്തിൽ നിന്നും മാറി അല്മായ അന്തസിലേക്കു പ്രവേശിക്കുവാൻ തീരുമാനിച്ച വിവരം ഞാൻ നേരത്തെ അറിയിച്ചിരുന്നുവല്ലോ. അദ്ദേഹത്തിന്റെ എല്ലാസേവനങ്ങൾക്കും നന്ദി അർപ്പിക്കുന്നതോടൊപ്പം വിശ്വാസത്തിൽ കരുത്ത് പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**4) മാർ ഇവാനിയൻ ഗുഡ് ഹെൽത്ത് ഫോറം**

പുനരൈക്യനവതിയിൽ നമ്മുടെ സഭ ആരോഗ്യസംരക്ഷണ മേഖലയിൽ സജീവമായി ശ്രദ്ധിച്ചുകൊണ്ട് ഇടവകകൾ ആത്മീക പരിപോഷണത്തോടൊപ്പം ബൗദ്ധിക, കാർഷിക, മാനസിക, ആരോഗ്യമേഖലകൾകൂടി ശ്രദ്ധിക്കുന്ന കേന്ദ്രമായി രൂപപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. മാർ ഈവാനിയോസ് പിതാവ് ലക്ഷ്യംവച്ച പുനരൈക്യത്തിലെ ഐക്യം, മനസും ശരീരവും ആത്മാവും തമ്മിലുള്ളതുകൂടി ആയിരുന്നു. കൊറോണപോലെ ആഗോളവ്യാപകമായ പകർച്ചവ്യാധി

യുടെ പശ്ചാത്തലത്തിൽ ആത്മീകതയിലും ആരോഗ്യ മേഖലയിലും മാനസിക തലങ്ങളിലും നല്ല നല്ല ശീലങ്ങൾ ആർജിക്കേണ്ടതുണ്ട്. നമ്മുടെ ഈ ഫോറം വഴി നല്ല കൃഷി സമ്പ്രദായങ്ങൾ പരിപോഷിപ്പിക്കുവാനും ഒരു പ്രദേശത്തു സാധ്യമാകുന്ന നല്ല സംരംഭങ്ങൾ തുടങ്ങുന്നതിനും, ഉള്ളതിനെ പരിപോഷിപ്പിക്കുന്നതിനും സാധിക്കും. കൃപ നിറയുന്ന കുടുംബങ്ങൾ എന്ന നമ്മുടെ സ്വപ്നം അങ്ങനെ യാഥാർത്ഥ്യവൽക്കരിക്കപ്പെടും.

പുഷ്പഗിരി ആശുപത്രി മാർ ഇവാനിയൻ ഗുഡ് ഹെൽത്ത് ഫോറത്തിലെ അംഗങ്ങൾക്ക് ഏറെ ചികിത്സാസഹായങ്ങൾ നൽകുന്നതിനും ഇടയ്ക്കിടെയുള്ള മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും പൊതു ആരോഗ്യ നിലവാരം ശക്തമാക്കുന്നതിനും തയ്യാറാണ്. ഈ ഉത്തരവാദിത്വം ബഹു. ജോസ് കല്ലുമാലിക്കൽ അച്ചൻ ഏറ്റിട്ടുണ്ട്. അതിരൂപത ഈ കാര്യത്തിൽ ഉറപ്പുള്ള ഒരു തീരുമാനം കൈക്കൊണ്ടിരിക്കുന്നു. ബഹു. തോമസ് തോപ്പിൽകളത്തിലച്ചൻ ഈ പദ്ധതിയുടെ അതിരൂപത Promoter ആയി നിയമിതനായിരിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളും ഈ സംരഭത്തോട് സഹകരിക്കണം. താത്പര്യമുള്ള ഇടവകാംഗങ്ങളല്ലാത്ത മറ്റു അംഗങ്ങളെയും സാവകാശത്തിൽ ചേർക്കാവുന്നതാണ്. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള ആത്മാവുണ്ടാവുകയുള്ളു.

ക്രിസ്തുയേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം.

**THE SYRO-MALANKARA CATHOLIC CHURCH**

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2020

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

**90-ാം പുനരൈക്യവാർഷിക സഭാസംഗമം**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സഭൈക്യ സാക്ഷ്യം ഭാരതസഭയിൽ സംഭവിച്ചിട്ട് 90 വർഷം പൂർത്തിയാകുന്നു. ഈ അവസരത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാസഭ പുനരൈക്യ നവതിയുടെ സമാപനവും സഭാസംഗമവും വലിയ സന്തോഷത്തോടും കൃതജ്ഞതയോടും ആത്മാഭിമാനത്തോടും കൂടി ആഘോഷിക്കുകയാണ്. പുനരൈക്യശിൽപി ദൈവദാസൻ ആർച്ച് ബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ ജന്മനാടായ മാവേലിക്കരയിൽവച്ച് സെപ്റ്റംബർ 19 മുതൽ 21 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്ന പുനരൈക്യ നവതി ആഘോഷങ്ങളിൽ ആത്മീയമായി പങ്കുചേരുവാൻ സഭാമക്കളേവരെയും ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

പുനരൈക്യ പ്രവാചകൻ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായിലൂടെ ആരംഭിച്ച പുനരൈക്യ പ്രസ്ഥാനം 90 വർഷം

— — — — — — — — — — — —
പൂർത്തിയാകുമ്പോൾ, വന്ദ്യപിതാവ് കൊളുത്തിയ ഐക്യത്തിന്റെ ദീപം ഇതുവരെയും കാത്തുസൂക്ഷിക്കുവാനും അനേകർക്ക് പ്രകാശമാകുവാനും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ദൈവം പ്രത്യേകം ഒരുക്കിയതിനെയോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. കഴിഞ്ഞ 9 ദശാബ്ദം ദൈവം നമ്മുടെ സഭാകൂട്ടായ്മയെ കൂടെയിരുന്ന് നയിച്ചതിനെയോർത്ത് അവിടുത്തെ തിരുമുമ്പിൽ നമുക്ക് നന്ദിയുള്ളവരാകാം. ഒരു സഭാസമൂഹമെന്നനിലയിൽ കഴിഞ്ഞകാലങ്ങളിൽ വന്നുപോയിട്ടുള്ള കുറവുകളെയും, പോരായ്മകളെയും ശുശ്രൂഷാ മേഖലകളിൽ വന്ന തളർച്ചകളെയും തിരിച്ചറിഞ്ഞ് നമുക്ക് ദൈവത്തോട് മാപ്പ് അപേക്ഷിക്കാം. അടുത്ത പത്തു വർഷക്കാലം പുനരൈക്യശതാബ്ദിക്കായി നാം പ്രത്യേകമായി ഒരുങ്ങേണ്ട കാലഘട്ടമാണല്ലോ! ഒരു സഭയായി ഉറച്ച വിശ്വാസത്തോടും, ബോധ്യത്തോടും, തീക്ഷ്ണതയോടും, അഭിഷേകത്തോടുംകൂടെ ഇതിനായി നമുക്ക് ഒരുങ്ങാം.

സഭാചരിത്രത്തിൽ 1930 സെപ്റ്റംബർ 20-ന് നടന്ന പുനരൈക്യ മഹാസാക്ഷ്യം പൊടുന്നനെ സംഭവിച്ച ഒരു കാര്യമല്ല. മാതൃസഭയ്ക്കുള്ളിൽ നിലനിന്നിരുന്ന വ്യവഹാരങ്ങളുടെയും വെട്ടിപ്പിടിക്കലിന്റെയും വിദ്വേഷത്തിന്റെയും നെടുവീർപ്പുകൾ മാർ ഈവാനിയോസ് പിതാവിനെ സത്യവിശ്വാസത്തിന്റെ സ്ഥിരീകരണത്തിലേക്കും, അനന്യമായ സമർപ്പണത്തിലേക്കും, തിരുസഭാകൂട്ടായ്മയിലേക്കും വഴിനടത്തി. സ്ഥാനമാനങ്ങളും സാമ്പത്തിക ലാഭങ്ങളുമൊക്കെ ദൈവസമ്പാദനത്തിനായി ഉപേക്ഷിക്കുവാനുള്ള വന്ദ്യ പിതാവിന്റെ നിശ്ചയദാർഢ്യം പുനരൈക്യ വഴിയിലെ ചരിത്ര പാഠങ്ങളാണ്."ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും" (യോഹ.12:24). പഴയനിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനത്തെപ്പോലെ ദൈവത്തിൽ മാത്രം ശരണം വച്ചുകൊണ്ട് നടത്തിയ ഒരു വിശ്വാസ തീർത്ഥാടന യാത്രയുടെ പരിണിത ഫലമാണ് പുനരൈക്യ മഹാസാക്ഷ്യം. ഇന്ന് നവതിയിലെത്തി നിൽക്കുന്ന മലങ്കര സഭയുടെ ഈ സുവിശേഷ സാക്ഷ്യം നാളിതുവരെയും പ്രതിസന്ധികളിൽ തളരാതെ പ്രോജ്ജ്വലമായി കാത്തുസൂക്ഷിച്ച പൂർവ്വസൂരികളെ, പിതാമഹൻമാരെ, സമർപ്പിതരെ, പ്രേഷിതരെ ഇത്തരുണത്തിൽ കൃതജ്ഞതയോടെ നമുക്ക് അനുസ്മരിക്കാം. അവർ ഭരമേൽപ്പിച്ച ഈ പുനരൈക്യദീപ്തി തലമുറകളിലേക്ക്കൈമാറാൻ നമുക്ക് പരിശ്രമിക്കാം.

പുനരൈക്യം യഥാർഥത്തിൽ ഒരു സുവിശേഷ സാക്ഷ്യമായിരുന്നു. അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു(യോഹ.17:21). യേശു

ക്രിസ്തുവിന്റെ പൗരോഹിത്യ പ്രാർത്ഥനയുടെ സാരാംശം ഇത് തന്നെ യാണ് സൂചിപ്പിക്കുക. ആയതിനാൽ, പുനരൈക്യം ഒരു തുടർ സുവി ശേഷ പ്രക്രിയയാണ്. എന്നും, എക്കാലവും, എവിടെയും അത്തുടരേ ണ്ടിയിരിക്കുന്നു. ലോകമാസകലം ക്രൈസ്തവ സമൂഹം പലവിധത്തിൽ ഞെരുക്കപ്പെടുന്ന ഒരു കാലമാണിത്. പുരാതനമായ ദൈവാലയങ്ങൾ പിടിച്ചെടുക്കപ്പെടുന്നു, തീവ്രവാദം വിവിധ രൂപങ്ങളിൽ ഫണമുയർത്തി നിൽക്കുന്നു, വർഗീയ വിദ്വേഷങ്ങൾ കലാപങ്ങളായി മാറുന്നു. കോവിഡ് മഹാവ്യാധിയുടെ ഇന്നത്തെ പശ്ചാത്തലത്തിൽ അകലങ്ങളും അകൽച്ച കളും വർത്തമാനമാകുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ അനുരഞ്ജനത്തിന്റെ ഒരു ചരിത്രസ്മാ രകമായാൽ പോരാ, മറിച്ച് ജീവിക്കുന്ന സാക്ഷ്യമാക ണം. വെല്ലുവിളി കളുടെ ഈ കാലഘട്ടത്തിൽ വന്ദ്യപിതാവിന്റെ ജന്മനാടായ മാവേലിക്ക രയിൽ വച്ച് നടത്തപ്പെടുന്ന പുനരൈക്യ നവതി ആഘോഷങ്ങൾ ഒരാ ത്മീയ സാക്ഷ്യമാകുവാൻ നമുക്ക് പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കാം.

കോവിഡ്-19 എന്ന വ്യാധി ലോകം മുഴുവനും ഒരുപോലെ ബാധി ച്ചിരിക്കുന്ന ഈ കാലയളവിൽ എല്ലാ മനുഷ്യരും ഭയത്തിലും, ആകുലത യിലും നിരവധിയായ പ്രയാസങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. ഈ മഹാവ്യാധിയെ ദൈവം ഇടപെട്ട് എത്രയും പെട്ടെന്ന് ഈ ലോക ത്തിൽനിന്നും തുടച്ചുമാറ്റാൻ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. കോവിഡ്-19 എന്ന രോഗത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ പുനരൈക്യ നവതി ആഘോഷവും സഭാസംഗമവും ആത്മീയമായും ഏറ്റം ലളിതമായും നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഗവൺമെന്റ് നിയ ന്ത്രണങ്ങൾ പാലിച്ചുകൊണ്ടുള്ള ലളിതമായ ഒരു കൂടിവരവും ആഘോ ഷവും മാത്രമേ ഈ വർഷം ഉണ്ടായിരിക്കുകയുള്ളൂ.

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ ജന്മ നാടായ മാവേലിക്കര വച്ച് നടത്തുന്ന പുനരൈക്യ നവതിയ്ക്കും സഭാ സംഗമത്തിനും ആതിഥേയത്വം വഹിക്കുന്നത് മാവേലിക്കര ഭദ്രാസന മാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അഞ്ചാമത്തെ ഭദ്രാ സനമായി 2007-ൽ സ്ഥാപിതമായ മാവേലിക്കര ഭദ്രാസനത്തിന്റെ എല്ലാ മേഖലകളിലുമുള്ള വളർച്ചയെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതി ക്കാം. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ എല്ലാ ആത്മീയ സംഘടനകളുടെയും കൂട്ടായ്മ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സെപ്റ്റംബർ 18-ന് മുമ്പ് നടത്തപ്പെടുന്നതാണ്. പുനരൈക്യ നവതിയുടെ പ്രധാന ആഘോഷങ്ങൾ നിയന്ത്രണവിധേയമായി സെപ്റ്റംബർ 19 മുതൽ 21 വരെ മാവേലിക്കരയിൽവച്ച് നടത്തപ്പെടുന്നതാണ്. 19-ാം തീയതി മത സൗഹാർദ സമ്മേളനവും, 20-ാം തീയതി രാവിലെ 10 മണിക്ക് എക്യു മെനിക്കൽ സമ്മേളനവും വൈകിട്ട് 6.30-ന് സുവിശേഷസംഘത്തിന്റെ

— — — — — — — — — — — —

നേതൃത്വത്തിൽ സുവിശേഷസന്ധ്യയും ഉണ്ടായിരിക്കുന്നതാണ്. 21-ന് രാവിലെ 8 മണിക്ക് മാവേലിക്കര പുന്നമൂട് കത്തീഡ്രൽ ദൈവാലയത്തിൽ സഭയ്ക്ക് മുഴുവനും വേണ്ടി ഞാൻ വി. കുർബാന അർപ്പിക്കുന്നതാണ്. തുടർന്ന് പൊതുസമ്മേളനവും നടത്തുന്നു. ഈ വർഷത്തെ പ്രത്യേക സാഹചര്യം മനസിലാക്കി എല്ലാവരും സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളിലൂടെ ആഘോഷ പരിപാടിയിൽ സംബന്ധിക്കാൻ പരിശ്രമിക്കുമല്ലോ! വിശദവിവരങ്ങൾ നവതി ആഘോഷങ്ങൾക്ക് ആതിഥ്യം നൽകുന്ന മാവേലിക്കര ഭദ്രാസനത്തിൽ നിന്നും ഇടവകകളെ അറിയിക്കുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യത്തിന്റെ നവതി ആഘോഷിക്കുന്ന ഈ അവസരത്തിൽ എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും ഉണ്ടാകുവാൻ ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്താനുള്ള നാമകരണ നടപടിയിൽ എല്ലാവരുടെയും പ്രാർത്ഥന ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ സഭാ പുനരൈക്യത്തിന്റെ ആത്മീയ ഭാവം നഷ്ടപ്പെടാതെ ആ ചൈതന്യം എന്നും നിലനിർത്തി, നമ്മുടെ മക്കളെ കൃപനിറയുന്ന കുടുബങ്ങളായി സംരക്ഷിച്ച്, സുവിശേഷകയായി, നമ്മുടെ സഭയെ എന്നും നയിക്കണമേയെന്ന് സർവ്വശക്തനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ആയത്, ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
01-09-2020

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക-സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതും ഭദ്രാസന പ്രസിദ്ധീകരണങ്ങളിൽ ഇടയലേഖനമായി നൽകേണ്ടതുമാണ്.

## THE SYRO-MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Office: Tel: +91-471-2541642, 2541643
E-mail: catholicosbm@gmail.com
Personal Tel: +91 471 2541081
E-mail: baselioscleemis@gmail.com
Web: malankarasbm.com

Prot. No. SMCC/ECI 02/349/2020 24 August 2020

His Grace **Joseph Mar Gregorios Metropolitan**
Metropolitan-Trustee
of the Malankara Jacobite Syrian Church

**മലങ്കര യാക്കോബായ സുറിയാനി സഭയുടെ ഏറ്റം അഭിവന്ദ്യനായ മെത്രാപ്പോലീത്തൻ-ട്രസ്റ്റി നി.വ.ദി.മ.ശ്രീ. ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി,**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വന്ദ്യനാമത്തിൽ അങ്ങേയ്ക്ക് സഹോദരനടുത്ത സ്നേഹ ചുംബനം! ശ്രേഷ്ഠ കാതോലിക്കാ ആബൂൻ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമേനിയോടും അങ്ങയുടെ സഭയിലെ ശ്രേഷ്ഠരായ മെത്രാപ്പോലീത്താ മാരോടും ബഹു. വൈദികരോടും സഭാമക്കളോടും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുള്ള സ്നേഹവും ആദരവും വാത്സല്യവും സവിനയം അറിയിക്കട്ടെ!

മലങ്കര യാക്കോബായ സുറിയാനി സഭ ഈയടുത്ത നാളുകളിൽ അനുഭവിക്കുന്ന വേദനകളെ മനസ്സിലാക്കുന്നു. കർതൃ സന്നിധിയിൽ പ്രാർത്ഥിക്കുന്നു. ഇപ്പോൾ സമൂഹം അനുഭവിക്കുന്ന പ്രതികൂല സാഹചര്യങ്ങളുടെ ഇടയിലും നിങ്ങളുടെ ആരാധനാലയങ്ങൾ സഭയ്ക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നത് വേദനയോടെ കാണുന്നു. മദ്ധ്യസ്ഥ ശ്രമങ്ങൾക്കും കൂടിയാലോചനകൾക്കും ഔദ്യോഗികമായും അനൗദ്യോഗികമായും കേരളത്തിലെ സഭാദ്ധ്യക്ഷന്മാർ ആത്മാർത്ഥമായി പരിശ്രമിച്ചതും അത്തരം ശ്രമങ്ങൾ സ്വീകരിക്കാതെ ഇരിക്കുന്നതും അഭിവന്ദ്യ തിരുമേനിക്കും അങ്ങയുടെ സഭയ്ക്കും അറിയാവുന്നതാണല്ലോ. ഈയടുത്ത ദിവസങ്ങളിൽ അഭിവന്ദ്യ തിരുമേനിയുടെ മാതൃദൈവാലയമായ മുളന്തുരുത്തി ഉൾപ്പെടെയുള്ള ഏതാനും ദൈവാലയങ്ങൾകൂടി സഭയ്ക്ക് നഷ്ടപ്പെട്ടതിൽ അങ്ങേയ്ക്കും അങ്ങയുടെ സഭയ്ക്കുമുള്ള വേദനയിലും നഷ്ടത്തിലും മലങ്കര സുറിയാനി കത്തോലിക്കാ സഭ മറ്റുസഭകളോടൊപ്പം പങ്കുചേരുന്നു. ക്രിസ്തീയ സാക്ഷ്യവും സാഹോദര്യവും പൊതുസമൂഹത്തിന്റെ മുൻപിലും നമ്മുടെ തന്നെ

— — — — — — — — — — — —

ക്രിസ്തീയ യുവതലമുറയുടെ മുൻപിലും പരാജയപ്പെടുന്നതിൽ ഏറ്റം ഖേദിക്കുന്നു.


എത്രയും അഭിവന്ദ്യനായതിരുമേനി,

ആരാധനാലയങ്ങൾ നഷ്ടമാകുന്നതിൽ അങ്ങയുടെ വേദനയിൽ പങ്കുചേരുന്നതോടൊപ്പം ആരാധനാലയങ്ങളുടെ സൗകര്യമില്ലാത്തതിന്റെ പേരിൽ യാക്കോബായ സഭാമക്കൾക്ക് ആരാധന മുടങ്ങരുത് എന്നാഗ്രഹിക്കുന്നു. നിങ്ങൾക്ക് സ്വന്തമായി ആരാധനാലയം ഉണ്ടാകുന്നതുവരെ അതാത് സ്ഥലങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദൈവാലയങ്ങൾ നിങ്ങളുടെ ആരാധനയ്ക്കുവേണ്ടി തുറന്നുതരുന്നതിന് പൂർണ്ണ സന്തോഷമാണ് എന്ന് അഭിവന്ദ്യതിരുമേനിയെ വിനയപൂർവ്വം അറിയിക്കട്ടെ! ദൈവാലയങ്ങളോ ചാപ്പലുകളോ ഏത് ഭദ്രാസനത്തിലാണോ ആ ഭദ്രാസനാദ്ധ്യക്ഷനെ സമീപിച്ചാൽ മതിയാവും. ഇത് സംബന്ധിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ ഭദ്രാസനാദ്ധ്യ ക്ഷന്മാരെയും ഞാൻ ഈ വിവരം അറിയിച്ചിട്ടുണ്ട്.

ഒരിക്കൽകൂടി അങ്ങയോടും യാക്കോബായ സുറിയാനി സഭയോടും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കുള്ള സ്നേഹവും ബന്ധവും പ്രാർത്ഥനയും അറിയിക്കുന്നു. നിങ്ങളുടെ വേദനകൾ ശമിക്കുവാനും സ്ഥായിയായി പരിഹാരം ഉണ്ടാകുവാനും വേണ്ടി ഞാൻ കർത്താവിനോട് പ്രാർത്ഥിക്കുന്നു. പരിശുദ്ധ ദൈവമാതാവും സകലവിശുദ്ധരും ഈ വിഷയത്തിൽ നമുക്ക് മാദ്ധ്യസ്ഥം വഹിക്കട്ടെ!

പ്രാർത്ഥനയോടും സ്നേഹാദരവുകളോടും,

കർതൃശുശ്രൂഷയിൽ,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

**JACOBITE SYRIAN CHRISTIAN CHURCH**
(Under the Holy Apostolic See of Antioch & all the East)

JOSEPH MOR GREGORIOS
METROPOLITAN TRUSTEE

04-09-2020

To

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**
മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കോസ്
മലങ്കര സുറിയാനി കത്തോലിക്ക സഭ

അഭിവന്ദ്യ പിതാവെ,

യാക്കോബായ സഭയുടെ വലിയ പ്രതിസന്ധിയിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ശക്തവും, നീതിപൂർവ്വവുമായ ശബ്ദത്തിൽ ഞങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും, ക്രിസ്തീയ മാർഗ്ഗത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആഹ്വാനം ചെയ്യുകയും യാക്കോബായ സഭയ്ക്ക് ആരാധനാലയങ്ങൾ നഷ്ടപ്പെട്ട സ്ഥലങ്ങളിൽ മറ്റു സംവിധാനങ്ങൾ ഉണ്ടാകുന്നതുവരെ അങ്ങയുടെ കീഴിലുള്ള ദൈവാലയങ്ങൾ പങ്കുവയ്ക്കുവാൻ പോലും കാണിച്ച സന്മനസ്സിനും, മനുഷ്യത്വത്തിനും ക്രിസ്തീയ സാക്ഷ്യത്തിനും ശ്രേഷ്ഠ കാതോലിക്കാ ബാവായ്ക്കും യാക്കോബായ സഭയ്ക്കും വേണ്ടി നിലകൊണ്ടതിന്റെ പേരിൽ വസ്തുതകൾ മനസ്സിലാക്കാതെ മറുവിഭാഗത്തിൽ നിന്നും തെറ്റായ രീതിയിൽ വിമർശനങ്ങൾ ഞങ്ങളെ പ്രതി ഏൽക്കേണ്ടി വരുന്നതിൽ ഞങ്ങൾക്ക് വേദനയും ദുഃഖവും ഉണ്ട്. ജീവിക്കുന്ന ദൈവം പ്രതിഫലം നൽകട്ടെ എന്ന പ്രാർത്ഥിക്കുന്നു. ക്രിസ്തീയ സഭകളുടെ ഐക്യവും, കൂട്ടായ പ്രവർത്തനങ്ങളും, പരസ്പര ശക്തീകരണവും അത്യന്താപേക്ഷിതമായിരിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യമാണല്ലോ. ഒരു സഭയ്ക്കും ഒറ്റപ്പെട്ട ദ്വീപുകളായി നിലനിൽക്കുവാൻ കഴിയില്ലല്ലോ. തുടർന്നും നമുക്ക് ക്രിസ്തീയ സ്നേഹത്തിൽ അധിഷ്ഠിതമായി സഹകരണത്തിന്റെയും ഐക്യത്തിന്റെയും പുതിയ മേഖലകൾ കണ്ടെത്തി ഒത്തൊരുമിച്ച് മുന്നോട്ടു പോകാം. അങ്ങയേയും പ്രതിനിധാനം ചെയ്യുന്ന സഭയേയും ഓർത്തു പ്രാർത്ഥിക്കുന്നു. ഈ പ്രതിസന്ധികൾ അതിജീവിച്ച് സമാധാനത്തിന്റെ കാലങ്ങൾ അനുഭവിക്കുവാൻ തുടർന്നും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ആവശ്യമായ കൈത്താങ്ങലുകൾ നൽകുകയും ചെയ്യണമെ.

പ്രാർത്ഥനയോടും സ്നേഹാദരവുകളോടും
കർത്തൃശുശ്രൂഷയിൽ എളിയ സഹോദരൻ

ജോസഫ് ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത

# 2020 ഡിസംബർ 20 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം ദൈവവചനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന മാസമാണല്ലോ യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ. ദൈവവചനത്തിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാൻ നമ്മെ സഹായിക്കുന്നതാണ് കേരളസഭയുടെ വചനപാരായണമാസാചരണം. സഭാജീവിതത്തിൽ ദൈവവചനത്തിന്റെ പ്രാധാന്യം ഓർമപ്പെടുത്താൻ ആരാധനാവത്സരത്തിലെ ഒരു ഞായർ വചനഞായറായി ആഘോഷിക്കണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ്പാപ്പ 'അപ്പെരുയിത് ഇല്ലിസ്' എന്ന അപ്പസ്തോലിക ലേഖനത്തിൽ ഉദ്ബോധിപ്പിക്കുന്നതനുസരിച്ച്, 2020 ഡിസംബർ 20 ബൈബിൾ ഞായറായി കേരളസഭ ആചരിക്കുന്നു. ക്രൈസ്തവവിശ്വാസികൾ അവരുടെ ജീവിതം ദൈവവചനത്താൽ പുഷ്ടിപ്പെടുത്തണമെന്നാണ് സഭ ഇതുവഴി ആഗ്രഹിക്കുന്നത്.

**വി. ജെറോമിന്റെ ബൈബിൾ ആഭിമുഖ്യവും സഭയും**

ബൈബിൾ പണ്ഡിതനായ വി. ജെറോമിന്റെ 1600-ാം മരണവാർഷികം ആചരിച്ച ഇക്കഴിഞ്ഞ സെപ്റ്റംബർ 30-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ "വിശുദ്ധ ലിഖിതത്തോടുള്ള ഭക്തി" എന്ന അപ്പസ്തോലികസന്ദേശം നല്കുകയുണ്ടായി. എഴുതപ്പെട്ട ദൈവവചനത്തോടുള്ള വിശുദ്ധന്റെ "സജീവവും ഹൃദ്യവുമായ സ്നേഹം" പിഞ്ചെല്ലാൻ ഈ ലേഖനത്തിൽ പരിശുദ്ധ പാപ്പാ സഭാസമൂഹത്തെ ആഹ്വാനം ചെയ്യുന്നു. കർത്താവിനെ വിശുദ്ധഗ്രന്ഥത്തിൽ നിരന്തരം അന്വേഷിക്കുകയും അതുവഴി അറിയുകയും ചെയ്ത ഈ വിശുദ്ധന്റെ വിശുദ്ധ ലിഖിതത്തോടുള്ള സ്നേഹം ഒരു മഹാനദിപോലെ ഒഴുകുകയും അത് അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലങ്ങളെയെല്ലാം പരിപോഷിപ്പിക്കുകയും ചെയ്തു.

സഭാസമൂഹത്തിന് ഇന്നും പ്രചോദനമേകുന്നവയാണ് വി.ജെറോമിന്റെ ജീവിതത്തിലെ പല നിർണായക ചുവടുവയ്പുകളും സംഭവങ്ങളും. എ.ഡി. 386 മുതൽ പാലസ്തീനയിൽ താമസിച്ച അദ്ദേഹം ബത്‌ലെഹെമിലെ തിരുപ്പിറവിഗ്രോട്ടോയുടെ സമീപം രണ്ട് ആശ്രമങ്ങൾ സ്ഥാപിക്കുകയും ഈ സമൂഹങ്ങളിൽ വിശുദ്ധഗ്രന്ഥവായനയ്ക്ക് വലിയ പ്രാധാന്യം കൊടുക്കുകയും ചെയ്തു. വിശുദ്ധഗ്രന്ഥം മൂലഭാഷയിൽത്തന്നെ വായിക്കണമെന്ന് താത്പര്യപ്പെട്ടിരുന്ന അദ്ദേഹം സങ്കീർത്തനങ്ങൾ ഹീബ്രുഭാഷയിൽ ആലപിക്കാൻ താൻ സ്ഥാപിച്ച ഈ സമൂഹങ്ങളെ സഹായിച്ചിരുന്നു. വിശുദ്ധഗ്രന്ഥത്തിന്റെ ശ്രദ്ധാപൂർവമായ ശ്രവണം വഴിയാണ് തന്നെത്തന്നെ മനസ്സിലാക്കുന്നതും ദൈവത്തിന്റെയും സഹോദരീസഹോദരന്മാരുടെയും മുഖം കണ്ടെത്തുന്നതുമെന്ന് വി. ജെറോമിന് ബോധ്യമുണ്ടായിരുന്നു. വിശുദ്ധലിഖിതങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതു ഗ്രഹിക്കാതെ ദൈവത്തോടുള്ള സ്നേഹം ഉറവയെടുക്കുകയില്ല. ഹൃദയത്തിൽ നിറയുന്ന ഈ സ്നേഹമാണ് ക്രൈസ്തവജീവിതത്തെ പരിപോഷിപ്പിക്കുന്നത്.

വിശുദ്ധലിഖിതങ്ങളിൽ സഭയെ ഭരമേല്പിച്ചിരിക്കുന്ന ദൈവവചനത്തോടുള്ള തീവ്രമായസ്നേഹമാണ് വി. ജെറോമിന്റെ ആധ്യാത്മികതയുടെ പ്രത്യേകത. വി. ഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണെന്നു പറയുന്ന വിശുദ്ധൻ ക്രിസ്തുവിനെക്കുറിച്ചറിയാൻ വിശുദ്ധഗ്രന്ഥം മുഴുവൻ ആവശ്യമാണെന്ന് പഠിപ്പിക്കുന്നു. എമ്മാവൂസിലേക്കു പോകുന്ന ശിഷ്യരോട് തന്നെക്കുറിച്ചുള്ള രഹസ്യം വിശദീകരിക്കാൻ ക്രിസ്തു സങ്കീർത്തനങ്ങളും പ്രവാചകരെയും ഉദ്ധരിക്കുന്നതു നാം കാണുന്നുണ്ട് (ലൂക്കാ 4,16-21; 24,27.44-47). അപ്പസ്തോലപ്രവർത്തനങ്ങളിലെ ശിഷ്യപ്രമുഖരായ പത്രോസിന്റെയും പൗലോ

സിന്റെയും പ്രഘോഷണങ്ങളും പഴയനിയമത്തിൽ വേരുറപ്പിച്ചവയായിരുന്നു. പഴയനിയമ കൃാൻവാസിൽ മാത്രമേ മരണോത്ഥാനങ്ങളിൽ വെളിപ്പെടുന്ന ക്രിസ്തുവിനെ ആഴത്തിൽ അറിയുവാൻ സാധിക്കുകയുള്ളൂ. നാം വിശുദ്ധഗ്രന്ഥംമുഴുവൻ വായിക്കുകയെന്ന ആവശ്യകതയിലേക്കാണ് ഇതു വിരൽചൂണ്ടുന്നത്. വിശുദ്ധഗ്രന്ഥപഠനത്തിന് വി. ജെറോം വലിയ പ്രാധാന്യം നല്കിയിരുന്നു. ദൈവവചനം ഗ്രഹിക്കാൻ വ്യക്തിപരമായ പരിശ്രമം ആവശ്യമാണ്. എന്നാൽ അതോടൊപ്പം, മുദ്രവയ്ക്കപ്പെട്ടതുപോലെയുള്ള വിശുദ്ധലിഖിതത്തിലെ സന്ദേശമായ ക്രിസ്തുവിനെ അറിയാൻ അവിടന്നുതന്നെ മുദ്രകൾ തുറക്കണമെന്നും (വെളി 5,1-10) നാമറിയണം. ഉന്നതങ്ങളിൽനിന്നുമാത്രമേ അതിലെ കൃപാവർഷം നമുക്ക് വെളിപ്പെടുത്തികിട്ടുകയുള്ളൂ (ലൂക്കാ 4,17-21).

**വിശുദ്ധഗ്രന്ഥവും ലിറ്റർജിയും**

ദൈവവചനത്തിന്റെ ഭവനം സഭയായതിനാൽ, വചനത്തിന്റെ ആഴത്തിലേക്കിറങ്ങാൻ ലിറ്റർജിക്കു പ്രാധാന്യം കൊടുക്കണമെന്ന് പരിശുദ്ധ ബനഡിക്റ്റ് XVI-ാമൻ പാപ്പ "കർത്താവിന്റെ വചനം" എന്ന അപ്പസ്തോലികാഹ്വാനത്തിൽ പറയുന്നു (നമ്പർ 52). വിശുദ്ധഗ്രന്ഥവും ലിറ്റർജിയുമായുള്ള ബന്ധം സഭാസമൂഹം കൂടുതൽ മനസ്സിലാക്കേണ്ടതുണ്ട്. ദൈവവചനവും ലിറ്റർജിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനാക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ വിശദീകരിക്കുന്നത് (ആരാധനാക്രമം, 24) ഇവിടെ പ്രസക്തമാണ്. ദൈവം തന്റെ ജനത്തോടു സംസാരിക്കുന്ന സവിശേഷ പശ്ചാത്തലമാണ് ലിറ്റർജി. വിശുദ്ധലിഖിതങ്ങളിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുതന്നെയാണ് ലിറ്റർജിയിലൂടെ സംസാരിക്കുന്നത്. ദൈവവചനത്തിന്റെ പൂർണവും തുടരുന്നതും കാര്യക്ഷമവുമായ അവതരണമാണ് ആരാധനാഘോഷങ്ങൾ. വിശുദ്ധകുർബാനയിലാണ് ദൈവവചനവായനയും ലിറ്റർജിയും തമ്മിലുള്ള ബന്ധം അതിന്റെ പാരമ്യത്തിലെത്തുന്നത്. ആരാധനാവത്സരത്തിന്റെ വിവിധ കാലങ്ങളിലൂടെ വിശുദ്ധലിഖിതം സജീവമായി പ്രഘോഷിക്കപ്പെടുകയും അതുവഴി സഭ രക്ഷാകരരഹസ്യത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്യുന്നു. ആരാധനാനുഷ്ഠാനങ്ങളിൽ ദൈവവചനത്തോടൊപ്പം പരിശുദ്ധാത്മാവിന്റെ ആന്തരിക പ്രവർത്തനവുമുണ്ട്. വിശുദ്ധലിഖിതരചനയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവുതന്നെയാണ് അതിന്റെ സന്ദേശം ഓരോ വ്യക്തിയിലും ലിറ്റർജിയിലൂടെ എത്തിക്കുന്നത്. അതുവഴി ലിറ്റർജിയിൽ ദൈവവചനം കാലികവും സജീവവുമായ വചനമായി ആഘോഷിക്കപ്പെടുന്നു.

**വിശുദ്ധഗ്രന്ഥവും കേരളസഭയും**

വിശുദ്ധലിഖിതത്തോടുള്ള വി. ജെറോമിന്റെ "സജീവവും ഹൃദ്യവുമായ സ്നേഹം" കേരളസഭയിൽ പ്രകടമാണെന്നത് ഏറെ അഭിമാനകരമാണ്. ദൈവവചനത്തോടുള്ള ആഭിമുഖ്യം പലതലങ്ങളിലായി ഇവിടെ ആഴപ്പെടുന്നു എന്നു പറയാം. കേരളത്തിലെങ്ങുമുള്ള വചനപ്രഘോഷണങ്ങളും ബൈബിൾ പഠനവേദികളും ആഗോളതലത്തിൽത്തന്നെ പ്രശംസിക്കപ്പെടുന്ന ലോഗോസ്ക്വിസ്പോലുള്ള സംരംഭങ്ങളും സമ്പൂർണബൈബിൾ പാരായണവും ബൈബിളിലേക്ക് ഇറങ്ങിച്ചെല്ലാൻ സഭാതനയരെ വളരെയധികം സഹായിക്കുന്നുണ്ട്. ക്രിസ്തുവിനെ കൂടുതലായി അറിയാൻ വിശുദ്ധഗ്രന്ഥംമുഴുവൻ വായിക്കണമെന്ന വിശുദ്ധ ജറോമിന്റെ ഉപദേശമാണ് കേരളസഭ ഇവിടെ പിഞ്ചെല്ലുന്നത്.

വി. ജെറോം സഭയ്ക്കു പകർന്നു നല്കിയ മറ്റൊരു പാരമ്പര്യമാണ് വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിനുള്ള പ്രാധാന്യം. ഈ പ്രാധാന്യം തിരിച്ചറിഞ്ഞ് കേരള കത്തോലിക്കാ മെത്രാൻസമിതി ബൈബിൾകമ്മീഷന്റെ നേതൃത്വത്തിൽ ഈ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നു. എഴുതപ്പെട്ട ദൈവവചനം അതിന്റെ സംശുദ്ധിയിൽ ദൈവജനത്തിന്റെ പക്കൽ എത്തണമെന്ന ആഗ്രഹത്തോടെയാണ്, 1981-ൽ പിഒസി പുറത്തിറക്കിയ മലയാള ബൈബിൾ വീണ്ടും മൂലഭാഷകളുമായി ബൈബിൾവിജ്ഞാനീയത്തിലെ പുതിയ ഉൾക്കാഴ്ചകളുടെ വെളിച്ചത്തിൽ ഒത്തുനോക്കി പരിഷ്കരിക്കാൻ ബൈബിൾ കമ്മീഷനെ ചുമതലപ്പെടുത്തിയത്. പഴയനിയമപരിഷ്കരണം ബൈബിൾ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ പൂർത്തി

യായിക്കൊണ്ടിരിക്കുന്നു. പരിഷ്കരണം പൂർത്തിയാക്കിയ പുതിയനിയമം ഹ്രസ്വവ്യാഖ്യാനങ്ങളും കുറിപ്പുകളുമായി പഠനബൈബിളായി പി.ഒ.സി.യിൽനിന്നു പ്രസിദ്ധീകരിച്ചു. വിശുദ്ധഗ്രന്ഥപഠനത്തിന് ഊന്നൽ നല്കണമെന്ന "വിശുദ്ധ ലിഖിതത്തോടുള്ള ഭക്തി" എന്ന സന്ദേശത്തിലെ ഫ്രാൻസിസ്പാപ്പയുടെ ആഹ്വാനം ഉൾക്കൊണ്ട്, വചനപഠനവേദികളിലും പ്രാർഥനക്കൂട്ടായ്മകളിലും ബൈബിൾ കമ്മീഷന്റെ ഈ പുതിയനിയമ പഠനബൈബിൾ ഉപയോഗിക്കാൻ ഏവരും താത്പര്യമെടുക്കണം.

ദൈവവചനപഠനത്തിന് മൂലഭാഷകളുമായുള്ള പരിചയം അനിവാര്യമാണെന്ന് വിശുദ്ധ ജെറോം പറയുന്നുണ്ട്. ഞാനൊരു പുരോഹിതനായിരുന്നെങ്കിൽ വിശുദ്ധഗ്രന്ഥം ആഴത്തിൽ മനസ്സിലാക്കാൻ ഹീബ്രു-ഗ്രീക്ക് ഭാഷകൾ പഠിക്കുമായിരുന്നെന്ന വിശുദ്ധ കൊച്ചുത്രേസ്യയുടെ തീക്ഷ്ണതയും സഭാസമൂഹത്തിന് ഇവിടെ മാതൃകയാണ്. മൂലഭാഷയിൽ വചനം വായിക്കാൻ സഹായകമാണ് ബൈബിൾ സൊസൈറ്റിയുടെ പുതിയ സംഭാവനയായ മലയാളം-ഗ്രീക്ക് പുതിയനിയമം ഇന്റർലീനിയർ. ഹീബ്രു-ഗ്രീക്ക് ഭാഷകൾ ലളിതമായ രീതിയിൽ പഠിക്കാനുള്ള പഠനഗ്രന്ഥങ്ങളും സൊസൈറ്റി പുറത്തിറക്കിയിട്ടുണ്ട്. മതപഠനക്ലാസുകളിൽ ഈ ഭാഷകൾ കുട്ടികളെ പരിചയപ്പെടുത്തുന്നത് നല്ലൊരു തുടക്കമായിരിക്കും.

വിശുദ്ധഗ്രന്ഥത്തിന്റെ ആഴങ്ങളിലേക്കിറങ്ങാനും ആത്മീയമായ ശക്തിസംഭരിക്കാനും സഹായിക്കുന്നതാണ് "ദൈവികവായന". ദൈവവചനഭാഗങ്ങൾ വായിച്ച് ധ്യാനിക്കുകയും അത് ജീവിതത്തിലേക്കു പകർത്താൻ ശ്രമിക്കുകയും ചെയ്യുന്ന പുരാതനമായ ഒരു വചനധ്യാനരീതിയാണിത്. വായന, വിചിന്തനം, പ്രാർഥന, ധ്യാനം, പ്രവൃത്തി എന്നിങ്ങനെയുള്ള അഞ്ചു പടികളാണ് ഇതിനുള്ളത്. ഇടവകകളിൽ "ദൈവികവായന"യ്ക്കു വേദികളൊരുക്കി, ദൈവജനത്തെ ആത്മീയമായി ശക്തിപ്പെടുത്തുന്നത് ഈ കോവിഡ്കാലത്തെ വലിയ ഒരു ആത്മീയശുശ്രൂഷയായിരിക്കും.

കോവിഡ്19 പടർന്നു പിടിച്ച ഈ നാളുകളിൽ കുടുംബങ്ങളിൽ കൂടുതൽ വായിക്കപ്പെടുന്നത് ബൈബിൾ ആണെന്നത് ഏറെ സന്തോഷകരമാണ്. വചനപാരായണമാസമായ ഡിസംബറിൽ ദേവാലയങ്ങളിൽ അധികംപേർക്ക് ഒന്നിച്ചു കൂടുവാൻ സാധിക്കാത്ത പശ്ചാത്തലത്തിൽ ഇടവകകൾ നേതൃത്വം കൊടുത്ത് വീടുകളിൽ അഖണ്ഡബൈബിൾ പാരായണം സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. നിരവധി രൂപതകളും സംഘടനകളും വ്യക്തികളും ഈ സമയത്ത് ബൈബിൾ അധിഷ്ഠിത ഓൺലൈൻപ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു എന്നത് സന്തോഷത്തോടെ ഇവിടെ അനുസ്മരിക്കുന്നു.

വിശുദ്ധ ജെറോമിനുണ്ടായിരുന്നപോലെ, "സജീവവും ഹൃദ്യവുമായ സ്നേഹം" വിശുദ്ധലിഖിതത്തോടു പുലർത്താൻ സഭാവിശ്വാസികളെവരെയും സ്നേഹപൂർവം ആഹ്വാനം ചെയ്തുകൊണ്ടും ക്രിസ്മസിന്റെ ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ടും,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

NB: 2020 ഡിസംബർ 20-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# മലങ്കര കത്തോലിക്ക സഭ വാർത്തകൾ

◆ **പുനരൈക്യ നവതി ആഘോഷവും സഭാസംഗമവും.**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 90-ാം പുനരൈക്യ വാർഷികവും സഭാസംഗമവും ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ ജന്മനാടായ മാവേലിക്കര വച്ച് മാവേലിക്കര ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ എല്ലാ ആത്മീയ സംഘടനകളുടെയും കൂട്ടായ്മ ഡിജിറ്റൽ പ്ലാറ്റ്ഫോമിലാണ് നടത്തപ്പെട്ടത്. പുനരൈക്യ നവതിയുടെ പ്രധാന ആഘോഷങ്ങൾ നിയന്ത്രണവിധേയമായി സെപ്റ്റംബർ 19, 20, 21 തീയതികളിൽ മാവേലിക്കര,പുന്നമൂട് മാർ ഈവാനിയോസ് നഗറിൽ നടത്തപ്പെട്ടു. 19-ാം തീയതി മതസൗഹാർദ സമ്മേളനവും, 20-ാം തീയതി രാവിലെ 10 മണിക്ക് എക്യുമെനിക്കൽ സമ്മേളനവും വൈകിട്ട് 6.30-ന് സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യയും ഉണ്ടായിരിക്കുന്നു. 21-ന് രാവിലെ 8 മണിക്ക് മാവേലിക്കര പുന്നമൂട് കത്തീഡ്രൽ ദൈവാലയത്തിൽ സഭയ്ക്ക് മുഴുവനും വേണ്ടി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ വി. കുർബാന അർപ്പിച്ചു. അഭിവന്ദ്യ ആർച്ചുബിഷപ്പുമാരായ തോമസ് മാർ കൂറിലോസ്, മാർ ജോസഫ് പെരുന്തോട്ടം, മാർ മാത്യു മൂലക്കാട്ട്, അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, വിൻസെന്റ് മാർ പൗലോസ്, സാമുവൽ മാർ ഐറേനിയോസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ്,തോമസ് മാർ യൗസേബിയൂസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, ബിഷപ്പ് ആന്റണി മുല്ലശ്ശേരി, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. വിശുദ്ധ കുർബാനമധ്യേ കൊല്ലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ആന്റണി മുല്ലശ്ശേരി തിരുമേനി വചനസന്ദേശം നൽകി. തുടർന്ന് അത്യ ഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അഭിസംബോധന ചെയ്തു സംസാരിച്ചു. രാവിലെ 11.00ന് നടന്ന പൊതുസമ്മേളനം ചങ്ങനാശ്ശേരി അതി രൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ജോസഫ് പെരുന്തോട്ടം, ഉദ്ഘാടനം ചെയ്തു. കോവിഡ് 19 വ്യാപന പശ്ചാത്തലത്തിലെ നിയന്ത്രണങ്ങൾ അനുസരിച്ച് തെരഞ്ഞെടുത്ത നൂറ് അംഗങ്ങളാണ് ആഘോഷ പരിപാടിയിൽ സംബന്ധിച്ചത്. സാമൂഹ്യ സമ്പർക്ക

— — — — — — — — — — — —

മാധ്യമങ്ങളിലൂടെ സഭാമക്കൾ ആഘോഷ പരിപാടിയിൽ സംബന്ധിച്ചു.

◆ **മാർത്താണ്ഡം, പുത്തൂർ ഭദ്രാസനങ്ങളുടെ കാനോനിക അതിർത്തി പുനർനിർണ്ണയിച്ചു.**

മാർത്താണ്ഡം, പുത്തൂർ ഭദ്രാസനങ്ങളുടെ കാനോനിക അതിർത്തി വർദ്ധിപ്പിച്ചുകൊണ്ടുള്ള പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനം സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി 2020 സെപ്റ്റംബർ 21-ാം തീയതി മാവേലിക്കരയിൽ പുനരൈക്യവാർഷിക സഭാസംഗമത്തോടനു ബന്ധിച്ചുനടന്ന പൊതുസമ്മേളനത്തിൽ വച്ച് പ്രഖ്യാപിച്ചു. ഇതിന്റെ ഔദ്യോഗിക കല്പന കൂരിയ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പൊലീത്ത വായിച്ചു.

**മാർത്താണ്ഡം ഭദ്രാസനം:** ഇപ്പോൾ സെന്റ് എഫ്രേം പൂനൈ-കട്കി ഭദ്രാസനാത്തിന്റെ അതിർത്തിയിൽപ്പെട്ടിരുന്ന തമിഴ്നാട്ടിലെ ജില്ലകളായ തിരുനൽവേലി, തെങ്കാശി, തൂത്തുക്കുടി, വിരുതുനഗർ, പുതുകോട്ടൈ, തഞ്ചാവൂർ, തിരുവാരൂർ, നാഗപട്ടണം, തൃശ്നാപ്പള്ളി, പെരമ്പാളൂർ, അരിയാളൂർ, മധുര, തേനി, ഡിണ്ടിഗൽ, ശിവഗംഗ, രാമനാഥപുരം, നാമക്കൽ എന്നിവ മാർത്താണ്ഡം ഭദ്രാസനത്തിന്റെ അജപാലന പ്രദേശമായി പ്രഖ്യാപിച്ചു.

**പുത്തൂർ ഭദ്രാസനം:** സെന്റ് എഫ്രേം പൂനൈ-കട്കി ഭദ്രാസനാ ത്തിന്റെ അതിർത്തിയിൽപ്പെട്ടിരുന്ന കർണ്ണാടകയിലെ ഉത്തരകന്നഡ, തുംങ്കൂർ, ബാംഗ്ലൂർ അർബൻ, ബാംഗ്ലൂർ റൂറൽ, രാമനഗർ, ചിക്കബെല്ലാപ്പൂര്, കോളാർ എന്നീ ജില്ലകൾ പുത്തൂർ ഭദ്രാസനത്തിന്റെ അജപാലന പ്രദേശമായി കൂട്ടിച്ചേർത്തു. ഈ നൈയാമിക സംവിധാനം ഒക്ടോബർ 1-ന് നിലവിൽ വരും.

◆ **91-ാം സഭാസംഗമം: മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആതിഥേയത്വം.**

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനം അനുസരിച്ച് 91-ാം സഭാസംഗമത്തിന് ആതിഥ്യം വഹിക്കുന്നത് മാർത്താണ്ഡം ഭദ്രാസനം ആയിരിക്കും. മാവേലിക്കരയിൽ നടന്ന പുനരൈക്യവാർഷികത്തിന്റെയും സഭാസംഗമത്തിന്റെയും ആഘോഷങ്ങളുടെ സമാപനത്തി ലാണ് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഇത് പ്രഖ്യാപിച്ചത്. സഭാസംഗമത്തിന്റെ പതാക അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയും ഭദ്രാസന പ്രതിനിധികളും ചേർന്ന് ഏറ്റുവാങ്ങി.

◆ **മലങ്കര കാത്തലിക്ക് ടി.വി.(malankaracatholictv)**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സിനഡൽ

കമ്മീഷൻ ഫോർ മീഡിയായുടെ ആഭിമുഖ്യത്തിലുള്ള (Youtube Channel) മലങ്കര കാത്തലിക് ടി.വി. സംപ്രേഷണം ആരംഭിച്ചു. പുനരൈക്യ വാർഷിക ആഘോഷങ്ങളുടെ പൊതുസമ്മേളനത്തിൽ വച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മലങ്കര ടി വിയുടെ ലോഗോ പ്രകാശനം ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചു. ആരാധനക്രമ വത്സരത്തിലെ ആദ്യ ഞായറാഴ്ചയായ കൂദോശ് ഈത്തോ ഞായറാഴ്ച അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ രാവിലെ 8.30ന് അർപ്പിച്ച വിശുദ്ധ കുർബാന സംപ്രഷണം ചെയ്തു. ഇനിയുള്ള ഞായറാഴ്ചകളിൽ നമ്മുടെ സഭയിലെ ഓരോ അഭിവന്ദ്യ പിതാക്കന്മാർ വിശുദ്ധ കുർബാന അർപ്പിക്കുന്നതിന്റെ സംപ്രേഷണവും ഉണ്ടായിരിക്കും. താഴെപ്പറയുന്ന പരിപാടികൾ ഈ ചാനലിൽ ലഭ്യമാണ്.

1. പ്രഭാതകിരണങ്ങൾ : (Daily Meditation, എല്ലാ ദിവസവും രാവിലെ 5 മണിക്ക്)
2.വിശുദ്ധ കുർബാന : (ഞായർ, രാവിലെ 8.30ന്)
3.ആഴ്ചയിലെ പ്രധാന വിശുദ്ധർ : (തിങ്കൾ രാവിലെ 10 മണിക്ക്)
4. കൃപ നിറയുന്ന കുടുംബങ്ങൾ : (ചൊവ്വാ, രാവിലെ 10 മണിക്ക്)
5. സുറിയാനി ഭാഷാ പഠനം : (ബുധൻ, രാവിലെ 10 മണിക്ക്)
6. ഹൃദയപൂർവ്വം : വ്യാഴം, രാവിലെ 10 മണിക്ക്)
7. ദൈവശാസ്ത്ര പഠനങ്ങൾ : (വെള്ളി, രാവിലെ 11 മണിക്ക്)
8. സന്തോഷത്തിന്റെ സദ്വാർത്ത Sunday Homily : (ശനി, രാവിലെ 10 മണിക്ക്)

◆ **മോൺ. ജോർജ്ജ് കുരിശുംമൂട്ടിൽ കോട്ടയം അതിഭദ്രാസന സഹായമെത്രാൻ**

കോട്ടയം അതിഭദ്രാസനത്തിലെ ക്നാനായ മലങ്കര സുറിയാനി കത്തോലിക്ക സമൂഹത്തിന്റെ പ്രത്യേക ചുമതല വഹിക്കുന്നതിനായി ഒരു സഹായ മെത്രാനെ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. കോട്ടയം അതിരൂപതയിലെ കറ്റോട് ഇടവകാംഗമായ മോൺ. ജോർജ്ജ് കുരിശുംമൂട്ടിലിന്റെ റമ്പാൻ സ്ഥാനാരോഹണ ശുശ്രൂഷ 2020 ഒക്ടോബർ 11-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ റാന്നി സെന്റ് തെരേസാസ് ക്നാനായ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. നവംബർ 14-ന് കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മീകത്വത്തിൽ ഗീവർഗീസ് മാർ അപ്രേം റമ്പാന്റെ മെത്രാഭിഷേകം നടന്നു.

# അതിഭദ്രാസന വാർത്തകൾ

◆ **സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ**

ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ഓർമ്മതിരുനാൾ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മീകത്വത്തിലും അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ സഹകാർമ്മീകത്വത്തിലും തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് നടന്നു. അന്നേ ദിവസം അഭിവന്ദ്യ അത്തനാസിയോസ് പിതാവിനെക്കുറിച്ച് മോൺ. ചെറിയാൻ താഴമൺ എഴുതിയ ക്രാന്തദർശിയായ പിതാവ് എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു.

◆ **പൗലോസ് മാർ പീലക്സിനോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ**

പൗലോസ് മാർ പീലക്സിനോസ് പിതാവിന്റെ ഓർമ്മ നവംബർ 2,3 തീയതികളിൽ നടത്തപ്പെട്ടു. 2-ാം തീയതി വൈകിട്ട് സന്ധ്യാപ്രാർത്ഥനയും ധൂപപ്രാർത്ഥനയും 3-ാം തീയതി രാവിലെ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ വി. കുർബാനയും, കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

◆ **വന്ദ്യ വർക്കി ചുണ്ടേവാലേൽ അച്ചന് കണ്ണീർ പ്രണാമം.**

തിരുവല്ല അതിരൂപതയിലെ സീനിയർ വൈദികനായ ഫാ. വർക്കി ചുണ്ടേവാലേൽ (83) നിര്യാതനായി. സംസ്കാരം മാതൃ ഇടവകയായ അമയന്നൂർ സെന്റ് മേരിസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ നടന്നു. ചുണ്ടേവാലേൽ പരേതരായ മാത്യുവിന്റെയും ശോശാമ്മയുടെ മകനാണ്. കാട്ടിക്കുളം, കടവനാട്, നടുവിൽ, അറബി, തിരുമേനി, ഇരവിപേരൂർ, പുറമറ്റം, കുമ്പനാട്, കളമ്പാല, വരവൂർ, ഇടത്തിക്കാവ്, മുക്കൂട്ടുതറ, അയിരൂർ, കാഞ്ഞീറ്റുകര, നെടുമ്പ്രം, അമിച്ചകരി, വെച്ചൂച്ചിറ, മണ്ണടിശാല, വെണ്ണിക്കുളം, വാലാങ്കര, കാഞ്ഞിരപ്പാറ, തച്ചമം, കടമാൻകുളം, കല്ലൂപ്പാറ, ആനിക്കാട്, മാലം, വെള്ളൂർ തുടങ്ങിയ ഇടവകകളിൽ വികാരിയായിരുന്നു. കോട്ടയം മേഖല വികാരിയായും, കടവനാട് എസ്റ്റേറ്റ് മാനേജരായും വർക്കിയച്ചൻ പ്രവർത്തിച്ചിരുന്നു. വന്ദ്യ വർക്കി അച്ചന് തിരുവല്ല അതിഭദ്രാസനനത്തിന്റെ ആദരാഞ്ജലികൾ

## ◆ സെന്റ് ജോൺസ് കത്തീഡ്രൽ നവതി നിറവിൽ



തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിന്റെ നവതി സമാപനാഘോഷങ്ങൾ ഡിസംബർ 27 മുതൽ 2021 ജനുവരി 3 വരെ നടക്കും. 27-ാം തീയതി വി. കുർബാനയ്ക്കുശേഷം അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ കൊടിയേറ്റുന്നതോടെ വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാളിനും, നവതി സമാപനാഘോഷങ്ങൾക്കും തുടക്കം കുറിക്കും. 28-ാം തീയതി വൈകുന്നേരം കുട്ടികൾക്കുള്ള വെബിനാർ, 29-ാം തീയതി യുവജനങ്ങൾക്കായുള്ള വെബിനാർ, 30-ാം തീയതി ഇടവകദിനത്തോടനുബന്ധിച്ച് കുടുംബങ്ങൾക്കായുള്ള വെബിനാർ എന്നിവ നടക്കും. 31-ാം തീയതി വൈകിട്ട് 7 മണിക്ക് ആരാധനയും, വി. കുർബാനയും നടക്കും. ഒന്നാം തീയതി രാവിലെ പുതുവർഷ കുർബാന. 2-ാം തീയതി വൈകിട്ട് 4.30 ന് നടക്കുന്ന വി. കുർബാനയ്ക്ക് മോൺ. ചെറിയാൻ താഴമൺ മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് കത്തീഡ്രൽ ക്യാമ്പസിലൂടെ മെഴുകുതിരി പ്രദക്ഷിണം. സമാപന ദിവസമായ ജനുവരി 3-ാം തീയതി ഞായറാഴ്ച രാവിലെ 8.30 ന് **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ** മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് നടക്കുന്ന നവതി സമാപന സമ്മേളനത്തിൽ **ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത** അദ്ധ്യക്ഷത വഹിക്കും. കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ ചങ്ങനാശ്ശേരി **ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം** അനുഗ്രഹപ്രഭാഷണം നടത്തും. **മോൺ. ചെറിയാൻ താഴമൺ, ആന്റോ ആന്റണി എം.പി., അഡ്വ. മാത്യു ടി. തോമസ് എം.എൽ.എ., മുൻസിപ്പൽ ചെയർപേഴ്സൺ** എന്നിവർ ആശംസകൾ അറിയിക്കും. സമ്മേളനത്തിൽ നവതി സ്മരണിക പ്രകാശനം, പുതിയ വെബ്സൈറ്റ് ഉദ്ഘാടനം, നവതി സ്മാരക ഓഫീസ് ശിലാസ്ഥാപനം എന്നിവയും നടക്കും.

◆ **മാർ പോൾ ചിറ്റിലപ്പള്ളി പിതാവിന് അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ**

താമരശ്ശേരി രൂപത മുൻ ബിഷപ്പ് മാർ പോൾ ചിറ്റിലപ്പള്ളി (87) കാലം ചെയ്തു. 13 വർഷം താമരശ്ശേരി രൂപതയുടെ ബിഷപ്പായിരുന്ന അദ്ദേഹം 1997 ഫെബ്രുവരി 13നാണ് താമരശ്ശേരി രൂപതയുടെ സാരഥിയായി നിയമിതനായത്. തിരുവല്ല അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ.

◆ **വൈദികരുടെ വാർഷിക ധ്യാനം**

കോവിഡിന്റെ പശ്ചാത്തലത്തിൽ ഒന്നിച്ചു കൂടാൻ സാധിക്കാത്തതിനാൽ ഈ വർഷത്തെ വൈദികരുടെ വാർഷിക ധ്യാനം ഒക്ടോബർ 5 മുതൽ 9 വരെയുള്ള ദിവസങ്ങളിൽ Zoom platformൽ ക്രമീകരിച്ചു. കേരളത്തിലെ തടവറ ശുശ്രൂഷകൾക്കു ആരംഭം കുറിക്കുകയും, ടാക്സി- ഓട്ടോ ഡ്രൈവേഴ്സ് ഹെൽപ്പ് ലൈൻ സമാരംഭിക്കുകയും ചെയ്ത ബഹു. വർഗീസ് കരിപ്പേരിൽ അച്ചനാണ് ധ്യാനം നയിച്ചത്.

◆ **ശ്രീ. ഷാജി മാത്യൂ കൂളിയാട്ടിന് സംസ്ഥാന അദ്ധ്യാപക അവാർഡ്**

ഹൈസ്കൂൾ വിഭാഗത്തിൽ മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടിയ തിരുമൂലപുരം സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഷാജി മാത്യു കൂളിയാട്ടിനെ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് തിരുവല്ല മേരിഗിരി അരമനയിൽ വച്ച് അനുമോദിച്ചു.

◆ **മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് അതിഭദ്രാസന കുടുംബത്തിന്റെ ആശംസകൾ**



മാർത്തോമ്മാ സഭയുടെ പുതിയ ഇടയൻ തെയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായെ 25-11-2020 ൽ തിരുവല്ല മേരിഗിരി അരമനയിൽ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് സ്വീകരണം നൽകി ആദരിച്ചു.

◆ **ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് അതിഭദ്രാസന കുടുംബത്തിന്റെ ആശംസകൾ**

പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായെ തിരുവല്ല മേരിഗിരി അരമനയിൽ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ നേതൃത്വത്തിൽ ആദരിച്ചു.

◆ **ഷെവലിയാർ വർഗീസ് കരിപ്പായിൽ സാറിന് അതിഭദ്രാസന കുടുംബത്തിന്റെ ആദരാഞ്ജലികൾ**

ഏഴു പതിറ്റാണ്ടുകളോളം മധ്യതിരുവിതാംകൂറിലെ സാമൂഹ്യ, രാഷ്ട്രീയ മത മേഖലകളിലെ നിറ സാന്നിധ്യമായിരുന്ന ഷെവലിയാർ വർഗീസ് കരിപ്പായിൽ സാർ (87) നിര്യാതനായി. ഇരുവെള്ളിപ്ര സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ അധ്യാപകനായും പ്രധാനഅധ്യാപകനായും, തിരുവല്ല സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പൽ എന്നീ നിലകളിലും ദീർഘകാലം സേവനമനുഷ്ഠിച്ചിരുന്നു. മലങ്കര സുറിയാനി കത്തോലിക്ക സഭയിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം-ന്റെ ആദ്യത്തെ പ്രസിഡന്റും, തിരുവല്ല അതിരൂപതയിലെ എം.സി.എ, കെ.സി.എഫ് എന്നി സംഘടനകളുടെ ആദ്യത്തെ പ്രസിഡന്റും ആയിരുന്നു. സഭാമക്കളുടെ ആത്മീയ വളർച്ചയ്ക്ക് അദ്ദേഹം നൽകിയ സേവനത്തിന് വത്തിക്കാൻ ഷെവലിയാർ സ്ഥാനം നൽകി അദ്ദേഹത്തെ ആദരിച്ചു. അറുനൂറോളം പള്ളികളിൽ സുവിശേഷ പ്രസംഗം നടത്തിയിട്ടുണ്ട്. തിരുവല്ല മൈനർ സെമിനാരിയിൽ 'സഭാചരിത്രം' ദീർഘകാലം പഠിപ്പിച്ചിരുന്നു. അതിഭദ്രാസനത്തിലെ ഫാ. ജോസഫ് കരിപ്പായിൽ (വികാരി, കോട്ടൂർ ലിറ്റിൽ ഫ്ളവർ ഇടവക) മകനാണ്.

◆ **'ബാഹ്യമായ ജനസംഖ്യാ നിയന്ത്രണ മാർഗങ്ങൾക്ക് ഇന്ത്യ എതിരാണ്' സുപ്രീംകോടതിയിലെ ഗവൺമെന്റ് നിലപാട് സ്വാഗതാർഹം: ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത.**


"ജനസംഖ്യ നിയന്ത്രണം സ്വമേധയാ സംഭവിക്കേണ്ടതാണെന്നും, ദമ്പതികൾക്ക് കുടുംബത്തിന്റെ ചുറ്റുപാടുകൾക്ക് അനുയോജ്യമായി കുട്ടികളുടെ എണ്ണത്തിൽ തീരുമാനമെടുക്കാമെന്നും, ഇത് ദമ്പതികളുടെ അവകാശമാണ്, ബാഹ്യശക്തികളുടെ നിർബന്ധിത താൽപര്യങ്ങളും ബാഹ്യമായ ജനസംഖ്യ നിയന്ത്രണമാർഗങ്ങളും പാടില്ല'' എന്നുമുള്ള ഗവൺമെന്റ് നിലപാടുകൾ സ്വാഗതാർഹമെന്ന് ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത. ക്രൈസ്തവ മൂല്യങ്ങളെ അംഗീകരിക്കുന്ന ഇത്തരം നിലപാടുകളെ സഭ എന്നും അംഗീകരിക്കുമെന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു.

◆ **വന്ദ്യ ഏലിയാസ് തേക്കനാൽ അച്ചൻ നവതിയിലേക്ക്**



വന്ദ്യ ഏലിയാസ് തേക്കനാൽ അച്ചന്റെ നവതി ആഘോഷങ്ങൾക്ക് അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്ക ബാവാ തിരുമേനി മധുരം നൽകി ആരംഭം കുറിക്കുന്നു. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് സമീപം.

◆ **ഡോ. വർഗീസ് കെ. ചെറിയാൻ: എം.ജി. സർവകലാശാല സിൻഡിക്കേറ്റ് മെമ്പർ**



എം.ജി. സർവകലാശാല സിൻഡിക്കേറ്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട തിരുവല്ല അതിഭദ്രാസന പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. വർഗീസ് കെ. ചെറിയാന് അതിഭദ്രാസന കുടുംബത്തിന്റെ ആശംസകൾ. മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പലായ അദ്ദേഹം കോട്ടയം സെന്റ് തോമസ് മലങ്കര കത്തോലിക്കാ ഇടവകാംഗമാണ്.

◆ **മാർ ഇവാനിയൻ ഗുഡ് ഹെൽത്ത് ഫോറം**

പുനരൈക്യനവതിയിൽ നമ്മുടെ സഭ ആരോഗ്യസംരക്ഷണ മേഖലയിൽ സജീവമായി ശ്രദ്ധിച്ചുകൊണ്ട് ഇടവകകൾ ആത്മീക പരിപോഷണത്തോടൊപ്പം ബൗദ്ധിക, കാർഷിക, മാനസിക, ആരോഗ്യമേഖലകൾകൂടി ശ്രദ്ധിക്കുന്ന കേന്ദ്രമായി രൂപപ്പെടുത്തുവാൻ തീരുമാനിച്ചു. ഈ ഫോറം വഴി നല്ല കൃഷി സമ്പ്രദായങ്ങൾ പരിപോഷിപ്പിക്കുവാനും ഒരു പ്രദേശത്തു സാധ്യമാകുന്ന നല്ല സംരംഭങ്ങൾ തുടങ്ങുന്നതിനും, ഉള്ളതിനെ പരിപോഷിപ്പിക്കുന്നതിനും സാധിക്കും. **ബഹു. തോമസ് തോപ്പിൽക്കളത്തിൽ അച്ചൻ** മാർ ഈവാനിയൻ ഗുഡ് ഹെൽത്ത് ഫോറത്തിന്റെ പ്രമോട്ടർ ആയി നിയമിതനായിരിക്കുന്നു.

◆ **ബഹു. സിസ്റ്റേഴ്സിന് യാത്രയയപ്പ്**

മേരിഗിരി അരമനയിൽ ശുശ്രൂഷ ചെയ്ത ബഹു. സിസ്റ്റർ ലില്ലി ഗ്രേസ്, ബഹു. സിസ്റ്റർ ഫേബ തുടങ്ങിയവർ, ബഥനി സന്യാസിനീ സമൂഹത്തിന് സിസ്റ്റേഴ്സിന്റെ ദൗർലഭ്യം ഉള്ളതിനാൽ തിരികെ സമൂഹത്തിലേക്ക് യാത്രയായി. ബഹു. സിസ്റ്റേഴ്സിന്റെ സേവനങ്ങൾക്ക് നന്ദി അറിയിക്കുന്നു.

◆ **ഫാ. സൈമൺ എലുവത്തിങ്കൽ നിര്യാതനായി.**



ഒഡീഷയിലെ ബരാംപൂർ രൂപതാംഗമായ ഫാ. സൈമൺ എലുവത്തിങ്കൽ (54) നിര്യാതനായി. തൃശ്ശൂർ കുരിയച്ചിറ സ്വദേശിയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയെയും ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിനെയും കുറിച്ച് ആഴത്തിൽ പഠിക്കുകയും സ്നേഹിക്കുകയും ചെയ്ത ബഹു. സൈമൺ അച്ചൻ ഡൽഹി ഗുഡ്ഗാവ് രൂപതയിൽ ശുശ്രൂഷ ചെയ്തു വരികയായിരുന്നു. ബഹു. സൈമൺ അച്ചന്റെ ആത്മാവിന് അതിഭദ്രാസന കുടുംബത്തിന്റെ ആദരാഞ്ജലികൾ.

◆ അറിയിപ്പ്


**ബഹു. മാത്യു വടക്കേക്കുറ്റച്ചൻ** സ്വന്ത തീരുമാനപ്രകാരം വൈദിക ജീവിതത്തിൽ നിന്നും മാറി അല്മായ അന്തസിലേക്കു പ്രവേശിക്കുവാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ എല്ലാ സേവനങ്ങൾക്കും നന്ദി അർപ്പിക്കുന്നതോടൊപ്പം വിശ്വാസത്തിൽ കരുത്ത് പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ഹൈറേഞ്ച് വാർത്തകൾ

### ◆ Acumen: Ongoing Formation Programme

കട്ടപ്പന മേഖല വൈദിക-സന്യസ്തകൂട്ടായ്മയുടെ (കട്ടപ്പന കൊയ്നോണിയ) നേതൃത്വത്തിൽ വൈദികർക്കും സന്യസ്തർക്കുമായി തുടർപരിശീലനപരിപാടി (Acumen) ആരംഭിച്ചു. എല്ലാ മാസത്തിലെയും സൗകര്യപ്രദമായ ഒരു ഞായറാഴ്ച വൈകുന്നോരം 7 മണി മുതൽ 8 മണിവരെയാണ് പരിശീലനം നടത്തുക. Zoom Platform ലൂടെയാണ് ഈ പരിപാടി നടത്തപ്പെടുന്നത്. ഇന്ത്യയ്ക്ക് അകത്തും നിന്നും പുറത്തുനിന്നുമായി ഏകദേശം 90 വൈദികരും സന്യസ്തരും ഇതിൽ സംബന്ധിക്കുന്നു. മാർപ്പാപ്പയുടെ ലേഖനങ്ങൾ, സമർപ്പിതരുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്കുതകുന്ന പുതിയ വിഷയങ്ങൾ എന്നിവയിൽ വിദഗ്ധരായ വ്യക്തികൾ ക്ലാസ്സുകൾ എടുക്കുന്നു.

### ◆ നെറ്റിത്തൊഴു ഇടവകയുടെ ശിലാസ്ഥാപന കർമ്മം



1953 ഡിസംബറിൽ സ്ഥാപിതമായ ഹൈറേഞ്ചിലെ ആദ്യ പള്ളികളിലൊന്നായ നെറ്റിത്തൊഴു സെന്റ് ജോസഫ്സ് മലങ്കര കത്തോലിക്ക പള്ളിയുടെ പുതിയ ദൈവാലയ നിർമ്മാണത്തിന്റെ ശിലാ സ്ഥാപന കർമ്മം തിരുവല്ല അതിരൂപതാധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയുടെ മുഖ്യ കാർമികത്വത്തിൽ നടന്നു.

### ◆ ക്രിസ്തുമസ് ഒരുക്ക ധ്യാനം

ഹൈറേഞ്ച് മേഖല (കട്ടപ്പന-കുമളി) ആഭിമുഖ്യത്തിൽ എല്ലാ വൈദികർക്കുമായി ക്രിസ്തുമസ് ഒരുക്ക ധ്യാനവും, ആരാധനയും, വി. കുമ്പസാരവും കട്ടപ്പന ജ്യോതിസിൽ വച്ച് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട വർഗീസ് വള്ളിക്കാട്ടച്ചൻ ധ്യാനചിന്തകൾ നല്കുകയും, വൈദിക കൂട്ടായ്മയെ ബലപ്പെടുത്തുന്ന Powerpoint Presentation നല്കുകയും ചെയ്തു.

# സെമിനാരി വാർത്തകൾ

## I.M.M SEMINARY

Marygiri, P.B. No.4, Tiruvalla -689 101

◆ **2020 –2021 ലെ അദ്ധ്യായന വർഷം**

മൈനർ സെമിനാരി 2020– 2021 അദ്ധ്യായനവർഷം കൊറോണ വ്യാപനം മൂലം ഒരു മാസത്തേക്ക് കട്ടപ്പന ജ്യോതിസ് പാസ്റ്ററൽ സെന്ററിൽ ക്രമീകരിച്ചു. തുടർന്ന് ക്ലാസ്സുകൾ തിരുവല്ല മൈനർ സെമിനാരിയിൽ പുനരാരംഭിച്ചു.

◆ **2020 ലെ മൈനർ സെമിനാരി പ്രവേശനം**

2020 ആഗസ്റ്റ് 30–ന് പുതുതായി 5 സഹോദരങ്ങൾ കൂടി മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനു പ്രവേശിച്ചു.

1) ബ്രദർ : തോമസ് ഇടത്തുംപ്രായിൽ – ആലടി – കട്ടപ്പന
2) ബ്രദർ : ചെറിയാൻ പായ്ക്കല്ലിൽ – നെടുമാവ് – കോട്ടയം
3) ബ്രദർ : ഗീവർഗ്ഗീസ് പാറക്കുഴിയിൽ– കത്തീഡ്രൽ – തിരുവല്ല
4) ബ്രദർ : സ്റ്റെഫി വരാപ്പുഴ– അയിരൂർ– റാന്നി
5) ബ്രദർ : സ്ക്കറിയ വേമ്പുംചിറയിൽ– അണക്കര – കുമളി

◆ **മേജർ സെമിനാരിയിലേക്ക്**

ഒന്നാം വർഷ തത്ത്വാശാസ്ത്ര പഠനത്തിനായി 4 പേർ വിവിധ സെമിനാരികൾ പ്രവേശിച്ചു.

1) ബ്രദർ ജോസഫ് ചേന്നാട്ട്, അണക്കര (സി.എസ്.റ്റി, ആലുവ),
2) ബ്രദർ മാത്യൂ കാമുണ്ടകത്തിൽ, പൂഴിക്കുന്ന് (പൊന്തിഫിക്കൽ സെമിനാരി, ആലുവ)
3) ബ്രദർ തോമസ് നവരൂക്കിഴക്കേതിൽ, കളമ്പാല (സെന്റ് തോമസ്, സെമിനാരി, വടവാതൂർ)
4) ബ്രദർ അലക്സ് വെട്ടുവേലിൽ, കാനം, (മേരി മാതാ മേജർ സെമിനാരി, തൃശ്ശൂർ).

◆ **മേജർ സെമിനാരിയിൽ പുതുവർഷത്തിൽ :**

കൊറോണ വ്യാപനം മൂലം പരിശീലനം വൈകിയ ബഹു. ശെമ്മാശന്മാർ സെമിനാരികളിലേക്ക് പോയി. പരിശീലനം നേടിക്കൊണ്ടിരുന്ന 24 പേരും ഈ വർഷം മേജർ സെമിനാരി പ്രവേശനം ലഭിച്ച 4 പേരും ഉൾപ്പെടെ 28 പേർ ഉപരിപഠനം നടത്തുന്നു.

# മതബോധന കാര്യാലയം : ശാന്തിനിലയം

◆ **ഓൺലൈൻക്ലാസ്സ് 1–12**

1 മുതൽ 12 വരെഉള്ള ക്ലാസ്സുകളുടെ ഓൺലൈൻ ക്ലാസുകൾ വളരെ വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു. 2020 ജൂലൈ 19–ന് ആരംഭിച്ച ക്ലാസുകൾ തുടർച്ചയായി എല്ലാ ഞായറാഴ്ചകളിലും നടക്കുന്നു. ബഹു. സന്തോഷ് അഴകത്ത് അച്ചന്റെ നേതൃത്വത്തിലുള്ള ടീം ആണ് വീഡിയോ റെക്കോർഡിങ്ങിനു നേതൃത്വം നൽകുന്നത്.

◆ **മതബോധന അർദ്ധവാർഷിക പരീക്ഷ**

2020 ഒക്ടോബർ 25 ഞായറാഴ്ച അതിരൂപതാതല അർദ്ധവാർഷിക പരീക്ഷനടത്തപ്പെട്ടു. അഞ്ചുമുതൽ പന്ത്രണ്ടുവരെ ക്ലാസുകൾക്ക് ഗൂഗിൾപ്ലാറ്റ്ഫോമിൽ ഗൂഗിൾഡോക്സ് ഉപയോഗിച്ച് പരീക്ഷ നടത്തപ്പെട്ടു. പരീക്ഷാ നിർദ്ദേശങ്ങൾ അനുസരിച്ച് പരീക്ഷ എഴുതുകയും വിജയകരമായി പൂർത്തിയാക്കുകയും ചെയ്ത കുട്ടികൾ തങ്ങളുടെ മാർക്ക് അപ്പോൾ തന്നെ അറിയുകയും വിശദവിവരങ്ങൾ മതബോധന കേന്ദ്രത്തിൽ ലഭിക്കുകയും ചെയ്തു. ഒന്ന് മുതൽ നാല് വരെ ഉള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ചോദ്യങ്ങൾ അതാതു പള്ളി കളിലെ പ്രധാന അധ്യാപകർക്കു ലഭിക്കത്തക്കവിധം ക്രമീകരിക്കുകയും ചെയ്തു. ഒക്ടോബർ 16 വരെ നടന്ന ഓൺലൈൻ ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ നടത്തിയ പരീക്ഷയിൽ 1785 പേര് പങ്കെടുത്തു. 8 ഇടവകകൾക്ക് മാത്രമാണ് പങ്കെടുക്കാൻ സാധിക്കാതിരുന്നത്. പരീക്ഷക്കു വേണ്ട നേതൃത്വം നൽകിയ ബഹു സന്തോഷ് അഴകത്ത് അച്ചനും ടീമിനും വേണ്ട നിർദേശങ്ങൾ നൽകിയ ബഹു തോമസ്കുട്ടി പതിനെട്ടിൽ അച്ചനും പ്രത്യേകം നന്ദിപറയുന്നു.

◆ **മതബോധന അദ്ധ്യാപക തുടർപരിശീലനം: തിരുവല്ല അതിരൂപത**

തിരുവല്ല അതിരൂപത മതബോധന കേന്ദ്രത്തിൽനിന്നും പ്രിയ മതബോധന അദ്ധ്യാപകർക്കായി ഓൺലൈനിലൂടെ (Zoom meet) തുടർ പരിശീലനം ക്രമീകരിക്കുന്നു. ബഹുമാനപ്പെട്ട ഡോ. ആന്റണി കാക്കനാട്ട് അച്ചൻ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു. രണ്ടു മണിക്കൂർ ദൈർഘ്യമുള്ളക്ലാസിൽ ആ പുസ്തകത്തിലുള്ള പഠിപ്പിക്കാൻ പ്രയാസമുള്ള ഭാഗങ്ങൾ പഠനവിഷയമാക്കുന്നു.

# ഫാമിലി അപ്പോസ്തോലേറ്റ്

◆ **വിവാഹ ഒരുക്ക സെമിനാർ**

വിവാഹ ഒരുക്ക സെമിനാറിന്റെ ഓൺലൈൻ ക്ലാസ്സുകളിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവർ 9497462813 എന്ന നമ്പറിൽ ബന്ധപ്പെടുക. ഓൺലൈൻ ക്ലാസ്സുകൾക്ക് രജിസ്ട്രേഷൻ ഫീസ് 500 രൂപ ആയി നിശ്ചയിച്ചിരിക്കുന്നു.

# ബൈബിൾ അപ്പോസ്തോലേറ്റ്

◆ **ലോഗോസ് ക്വിസ്**

കോവിഡ് വ്യാപനം മൂലം ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ 2021 മാർച്ച് 21-ാം തീയതി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ജനുവരി 15 വരെ നീട്ടിയിരിക്കുന്നു. ഇതുവരെയുള്ള എഴുത്തു പരീക്ഷ തന്നെയായിരിക്കും ഈ വർഷവും നടത്തുക.

# മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.)




MCYM തിരുവല്ല അതിഭദ്രാസനം 2020 Sept 28 - 2020 Oct 4 YOUTH WEEK ആയിട്ട് ആചരിച്ചു. സെപ്റ്റംബർ 27ന് നടന്ന അർദ്ധവാർഷിക സെനറ്റിൽ അതിരൂപത അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് ഔദ്യോഗികമായി ഇത് പ്രഖ്യാപിച്ചു. "With Christ and His Body" എന്ന motto യോടുകൂടിയാണ് ഈ ആഴ്ച ആചരിക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജന ശുശ്രൂഷയുടെ സ്ഥാപക പിതാവ് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ഓർമ്മ തിരുനാൾ ദിനമായ സെപ്റ്റംബർ 28 മുതൽ എം.സി.വൈ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിനമായ ഒക്ടോബർ 4 വരെ ആണ് ഈ ആഴ്ച ആചരിക്കുന്നത്.



YOUTH WEEK ക്രാന്തദർശിയായ പിതാവ് അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസിയോസ് പിതാവിനെക്കുറിച്ചുള്ള അനുസ്മരണ പ്രഭാഷണം മോൺ. ചെറിയാൻ താഴമൺ അച്ചൻ നടത്തി. അഭിവന്ദ്യ പിതാവിന്റെ ത്യാഗോജ്ജ്വലവും ധീരവുമായ തീരുമാനങ്ങളും പ്രവർത്തനങ്ങളും നമ്മുടെ സഭയ്ക്ക് നൽകിയ അടിത്തറയുടെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങാൻ ബഹുമാനപ്പെട്ട അച്ചന് സാധിച്ചു. ഇതിൽ സംബന്ധിച്ച ഏവർക്കും ഏറ്റവും ഹൃദയം നിറഞ്ഞ നന്ദി.



MCYM THIRUVALLA ARCHDIOCESE retained the International Quiz Competition Championship. MCYM International Online Quiz. Team Members: Sneha Joseph (Thelliyoor), Reeba Rebecca Varghese (Nooranmav), Angelo Johns Mathew (Chunkappara).

### ◆ യുവോത്സവ് 2020

കെ.സി.വൈ.എം സംസ്ഥാന കലോത്സവത്തിനു മുന്നോടിയായി എം.സി.വൈ എം തിരുവല്ല അതിഭദ്രാസനത്തിലെ യുവജനങ്ങളുടെ കലാസാഹിത്യ മികവ് മാറ്റുരയ്ക്കപ്പെടുന്ന അതിരൂപതാ കലോത്സസവം **യുവോത്സവ് 2020** ഒക്ടോബർ 31, നവംബർ 1, 2 തീയതികളിൽ നടത്തപ്പെട്ടു. അതിഭദ്രാസനത്തിലെ ഒൻപത് മേഖലാ സമിതികളുടെയും, അതിഭദ്രാസനസമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയാണ് മത്സരങ്ങൾ ക്രമീകരിച്ചത്. ഓൺലൈൻ മൽസരങ്ങളുടെ പരിമിതികൾ ഉൾക്കൊണ്ട് യുവോത്സവ് 2020 നടന്നത്.

### ◆ ഒന്നായി പാടിടാം

എം.സി.വൈ.എം തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യൂത്ത് വീക്കിനോട് അനുബന്ധിച്ച് നടത്തിയ 'ഒന്നായി പാടിടാം' ആന്തം കോമ്പറ്റിഷൻ വിജയികളെ ഇവിടെ അനൗൺസ് ചെയ്യുന്നു. പങ്കെടുത്ത 22 യൂണിറ്റുകളിൽ നിന്ന് സമ്മാനർഹരായ യൂണിറ്റുകൾ. ഒന്നാം സമ്മാനം, സെന്റ് മേരീസ് മലങ്കര കത്തോലിക്ക് ചർച്ച്,മാന്നാർ ഈസ്റ്റ്, (നിരണം മേഖല), രണ്ടാം സമ്മാനം, സെന്റ് തോമസ് മലങ്കര കത്തോലിക്ക് ചർച്ച്, വെണ്ണിക്കുളം,(വെണ്ണിക്കുളം മേഖല), മൂന്നാം സമ്മാ

നം, സെന്റ് തോമസ് മലങ്കര കത്തോലിക്ക് ചർച്ച്, ഇടകടത്തി, (എരുമേലി മേഖല). പങ്കെടുത്ത എല്ലാ യൂണിറ്റിലെയും യുവജന സുഹൃത്തുക്കൾക്കും അഭിനന്ദനങ്ങൾ നേരുന്നു.

◆ **പ്രാർത്ഥനാദിനം**




ഒക്ടോബർ 18, മിഷൻ ഞായറാഴ്ച, ഫാ.സ്റ്റാൻ സ്വാമിയുടെ മോചനത്തിനായി എം.സി.വൈ.എം തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാദിനമായി ആചരിച്ചു. അതിഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ കത്തീഡ്രലിൽ വച്ചു പ്രാർത്ഥനയും പ്രതിഷേധ യോഗവും നടത്തി. അതിഭദ്രാസന ഡയറക്ടർ റാബിയച്ചൻ, കത്തീഡ്രൽ വികാരി ഐസക്ക് പറപ്പള്ളിൽ അച്ചൻ, കോശി മണ്ണിലച്ചൻ, അതിരൂപത പ്രസിഡന്റ് ലൈജു കോശി മാത്യു, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

# മലങ്കര കാത്തലിക്ക് അസോസിയേഷൻ (എം.സി.എ)



"നമുക്ക് നടാം ആയിരം പച്ചക്കറിതോട്ടം നമ്മുടെയും നമ്മുടെ തലമുറയുടെയും ആരോഗ്യം നമുക്ക് സംരക്ഷിക്കാം" എന്ന ആശയത്തെ

അടിസ്ഥാനമാക്കി തിരുവല്ല അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിയെപ്പറ്റി പ്രതിപാദിക്കുന്ന നവംബർ ലക്കം ഐക്യദീപം തിരുവല്ല അതിരൂപത എം.സി.എ. യുടെ നേതൃത്വത്തിൽ തയാറാക്കി. ഇതിന്റെ പ്രകാശനകർമ്മം തിരുവല്ല അതിരൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് എം.സി.എ അതിരൂപത ട്രെഷറർ ജോയിസാമിന് നൽകികൊണ്ട് നിർവഹിക്കുന്നു. ഐക്യദീപം ചീഫ് എഡിറ്ററും തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ വികാരിയുമായ റവ. ഡോ. ഐസക്ക് പറപ്പള്ളിൽ, എം. സി.എ തിരുവല്ല അതിരൂപത പ്രസിഡന്റ് ജോജി വിഴലിൽ, ജനറൽ സെക്രട്ടറി അനിഷ് വി ചെറിയാൻ കുറ്റിയിൽ എന്നിവർ സമീപം.

# സുവിശേഷ സംഘം

### ◆ ശ്രീ. വർഗീസ് മണലേൽ നിര്യാതനായി

സഭാതല സുവിശേഷ സംഘത്തിലെ മൂന്നാം ബാച്ച് അംഗമായ ശ്രീ. വർഗീസ് മണലേൽ (68) നിര്യാതനായി. ചിങ്ങവനം സെന്റ് മേരീസ് ഇടവാകാംഗമാണ്. ശ്രീ. വർഗീസ് മണലേൽ വഴി ലഭിച്ച എല്ലാ ശുശ്രൂഷകളേയും നന്ദിയോടെ ഓർക്കുന്നു. പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# സെന്റ് വിൻസെന്റ് ഡി പോൾ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ അഖിലേന്ത്യാ വാർഷിക സമ്മേളനം 2020 നവംബർ 7, 8 തീയതികളിൽ സൂം മീറ്റിംഗിലൂടെ നടന്നു.പ്രസിഡണ്ട് ജനറൽ (Bro. Renato Lima de Oliveira) പങ്കെടുത്തു.

### കോവിഡ് കാല പ്രവർത്തനങ്ങൾ

◆ നിർധനരായവരെ സഹായിക്കാൻ Rev. ഫാദർ ഡെവിസ് ചിറമേൽ ആവിഷ്ക്കരിച്ച ക്ലോത്ത് ബാങ്ക്/ഫുഡ് ബാങ്ക് പദ്ധതിയിലേക്ക്, തിരുമൂലപുരം St. മേരീസ് മലങ്കര കത്തോലിക്ക പള്ളിയിലെ, സെന്റ് വിൻസെന്റ് ഡി പോൾ, ലേഡീസ് കോൺഫറൻസ് അംഗങ്ങൾ വസ്ത്രങ്ങൾ അയച്ചുകൊടുത്തു.





◆ സെന്റ്. വിൻസെന്റ് ഡി പോൾ സൊസൈറ്റി, ചെങ്ങരൂർ സെന്റ്ജോർജ് കോൺഫറൻസിലെ അംഗങ്ങൾ, ഇടവകയോട് ചേർന്ന്, സാമ്പത്തിക ബുദ്ധിമുട്ടനുവിക്കുന്ന ഒരു കുടുംബത്തിലെ പെൺകുട്ടിയുടെ വിവാഹം നടത്തി കൊടുത്തു. വീടിന്റെ മേൽക്കൂര ചോർന്നൊലിച്ചിരുന്ന ഭവനത്തിന് പുതിയ റൂഫിങ് സംവിധാനം ചെയ്തു കൊടുത്തു.

**◆ സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി തോട്ടഭാഗം ഏരിയ കൗൺസിലിന്റെ നേതൃത്വത്തിൽ 12000 മാസ്ക് വിതരണം ചെയ്തു.**



തോട്ടഭാഗം, സെന്റ്. മേരീസ് കോൺഫെറെൻസിന്റെ പുരുഷ, വനിത, യൂത്ത് കോൺഫറൻസുകൾ മല്ലപ്പള്ളി ശാലോം കാരുണ്യഭവൻ, കുന്നന്താനം ആശഭവൻ, കടമാൻകുളം ശാന്തിഭവൻ എന്നിവിടങ്ങളിലും, പൂവത്തൂർ, ഓതറ എന്നീ കോൺഫറൻസുകൾ അതാതു കാരുണ്യ കേന്ദ്രങ്ങളിലും മാസ്കുകൾ വിതരണം ചെയ്തു.

# സാമൂഹ്യ ക്ഷേമ പ്രവർത്തനവേദി ബോധന

## തിരുവല്ല– സോഷ്യൽ സർവ്വീസ് സൊസൈറ്റി – ബോധന

### ◆ സ്റ്റാഫ് ഓറിയന്റേഷൻ ക്ലാസുകൾ നല്കപ്പെട്ടു

തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി ബോധനയിലെയും പത്തനംതിട്ട ചൈൽസ് ലൈനിലെയും സ്റ്റാഫ് അംഗങ്ങൾക്കായി സ്റ്റാഫ് സമ്മേളനങ്ങളായി നടത്തപ്പെട്ട ക്ലാസ്സുകളിൽ മുപ്പത് സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തു. റേഡിയോ മാക്ഫാസ്റ്റ് ഡയറക്ടർ ഫാ. ചാക്കോ മേലേടത്ത്, ബോധന എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സാമുവേൽ വിളയിൽ എന്നീ വൈദികർ ക്ലാസുകൾക്ക് നേതൃത്വം നല്കി.

### ◆ മെഡികെയർ 2020–21 ഉദ്ഘാടനവും, അനുമോദന സമ്മേളനവും

തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വരുന്ന നിർധനരായ രോഗികളുടെ ചികിത്സ സഹായ പദ്ധതി മെഡി കെയർ 2020–21 ന്റെ ഉദ്ഘാടനവും മികച്ച അദ്ധ്യാപക അവാർഡ് കരസ്ഥമാക്കിയ ബോധനയുടെ പ്രസിഡന്റ് ശ്രീ. ഷാജി കൂളിയാട്ടിന്റെ അനുമോദന സമ്മേളനവും നടത്തപ്പെട്ടു. പ്രസ്തുതയോഗങ്ങൾ തിരുവല്ല അതിരൂപതാ അദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് ഉദ്ഘാടനം ചെയ്തു. കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ സന്നിഹിതനായിരുന്നു. പ്രസ്തുത യോഗത്തിൽ ബോധന വാർഷിക റിപ്പോർട്ട് ഡോ. തോമസ് മാർ കൂറിലോസ് പ്രകാശനം ചെയ്തു. ബോധന എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സാമുവേൽ വിളയിൽ, കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറ്കടർ ഫാ. ജേക്കബ് മാവുങ്കൽ പ്രസിഡന്റ് ശ്രീ. ഷാജി കൂളിയാട്ട് എന്നിവർ പ്രസംഗിച്ചു.

### ◆ സേവ് എ ഫാമിലി കുടുംബ സഹായ പദ്ധതി

തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിലെ നിർദ്ധനരായ 50 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം വിതരണം ചെയ്തു. സമൂഹത്തിലെ നിർദ്ധനരും രോഗികളും ഉൾപ്പെടുന്ന കുടുംബങ്ങളെ കണ്ടെ

ത്തി കഴിഞ്ഞ 20 വർഷങ്ങളായി അവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന പദ്ധതിയാണിത്. ബോധന പ്രസിഡന്റ് ശ്രീ. ഷാജി കൂളിയാട്ട് പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്തു. ബോധന എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സാമുവേൽ വിളയിൽ, എഫ്.ഡി.പി കോർഡിനേറ്റർ കെവിൻ കൈച്ചിറ,പ്രോജക്ട് ഓഫീസർ മനുലാൽ എന്നിവർ പ്രസംഗിച്ചു.

◆ **കോവിഡ് മഹാമാരിയിൽ സാന്ത്വനമായി 'ഒപ്പം': ഫുഡ് കിറ്റ് വിതരണം.**

തിരുവല്ല അതിരുപതാ സോഷ്യൽ സർവീസ് സൊസൈറ്റി, ബോധനയുടെ ആഭിമുഖ്യത്തിൽ കോവിഡ് മഹാമാരിയുടെ പ്രത്യേക പശ്ചാത്തലത്തിൽ ലോ റേഞ്ചിലെ ഏഴ് മേഖലകളിലെയും തിരഞ്ഞെടുക്കപ്പെട്ട 3250 കുടുംബങ്ങക്ക് സാന്ത്വനമേകി 26 ലക്ഷം രൂപ വിലമതിക്കുന്ന ഭക്ഷ്യകിറ്റുകൾ 15/12/2020 ചൊവ്വാഴ്ച ബോധന രക്ഷാധികാരിയും, അതിരുപതാ ആർച് ബിഷപ്പുമായ അഭിവന്ദ്യ ഡോ. തോമസ് മാർ കുറിലോസ് മെത്രാപ്പോലിത്താ വിതരണോദ്ഘാടനം നിർവ്വഹിച്ചു.










# ആതുര ശുശ്രൂഷാ രംഗം
# പുഷ്പഗിരി

◆ **പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി സ്റ്റാഫ് വെൽഫയർ ക്രെഡിറ്റ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് പ്രവർത്തനം ആരംഭിച്ചു**



പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി, സ്ഥാപനത്തിലെ ജീവനക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി സ്റ്റാഫ് വെൽഫെയർ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ. പി.റ്റി.323 എന്ന പേരിൽ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചു. സംഘത്തിന്റെ പ്രവർത്തനോദ്ഘാടനം മുൻ എം.എൽ.എ ശ്രീ.കെ.ജെ. തോമസ് നിർവഹിച്ചു. 2600 ലേറെ ജീവനക്കാർ ജോലി ചെയ്യുന്ന പുഷ്പഗിരി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്നതിനോടൊപ്പം ആതുര ശുശ്രൂഷാ രംഗത്തും സംഭാവനകൾ നൽകാൻ ഈ പ്രസ്ഥാനത്തിന് സാധിക്കും എന്ന് അദ്ദേഹം പറഞ്ഞു.

ചെറുപുഷ്പഗിരി എന്ന ചെറിയ സ്ഥാപനത്തിൽ നിന്ന് പുഷ്പഗിരി എന്ന വലിയ ആതുര സേവനകേന്ദ്രത്തിന്റെ വളർച്ചയിലേക്ക് കാലം ചെയ്ത യാക്കോബ് മാർ തെയോഫിലോസ് തിരുമേനി അടക്കമുള്ള സീറോ മലങ്കര കത്തോലിക്കാ സഭയിലെ സന്യാസ ശ്രേഷ്ടന്മാരുടെ പ്രവർത്തനവും പ്രാർത്ഥനയും ഉണ്ടായിരുന്നു എന്ന് തിരുവല്ല അതിരൂപതാ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് തിരുമേനി ഉദ്ഘാടന വേളയിൽ പറഞ്ഞു.

---

### ◆ പുഷ്പഗിരി സേഫ് ക്യാമ്പയിൽ

പുഷ്പഗിരി ആശുപത്രിയിൽ എത്തുന്ന രോഗികൾക്കു ഏറ്റവും മികച്ച ചികിത്സ നൽകുന്നതോടൊപ്പം മികച്ച സുരക്ഷയും ഉറപ്പു വരുത്താൻ പ്രത്യേകം നടപടിക്രമങ്ങൾക്കും പ്രചാരണ പ്രവർത്തനങ്ങൾക്കും പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ തുടക്കം കുറിച്ചു.

### ◆ മികച്ച ഡെന്റൽ കോളേജ് ആയി പുഷ്പഗിരി ഡെന്റൽ കോളേജ് തിരഞ്ഞെടുക്കപ്പെട്ടു.

ദി വീക്ക് മാഗസിൻ ഇന്ത്യയിലെ ഏറ്റവും മികച്ച ഡെന്റൽ കോളേജുകളെ കണ്ടെത്താൻ നടത്തിയ സർവ്വേയിൽ കേരളത്തിലെ ഏറ്റവും മികച്ച ഡെന്റൽ കോളേജ് ആയി പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസസ് തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലുടനീളമുള്ള നൂറു കണക്കിന് ഗവണ്മെന്റ്/പ്രൈവറ്റ് കോളേജുകളെ പിന്തള്ളിയാണ് പുഷ്പഗിരി ഈ നേട്ടം കൈവരിച്ചിരിക്കുന്നത്.

### ◆ മുൻ ഡിജിപി ജേക്കബ് പുന്നൂസിന് ഐ.എം.എ. അവാർഡ്

ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (ഐ.എം.എ.) ഡോ. മോഹൻ കുമാർ അവാർഡ് മുൻ ഡിജിപി ജേക്കബ് പുന്നൂസിന് ലഭിച്ചു. പൊതുജനാരോഗ്യ മേഖലയിലെ സമഗ്ര സംഭാവനകൾക്ക് ആരോഗ്യ പ്രവർത്തകരല്ലാത്തവർക്കു നൽകുന്നതാണ് ഈ പുരസ്കാരം. ഇപ്പോൾ പുഷ്പഗിരി സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവ് ഡയറക്ടറാണ് ശ്രീ. ജേക്കബ് പുന്നൂസ്.

### ◆ പുഷ്പഗിരി ആശുപത്രി സൈക്യാട്രി വിഭാഗത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ബ്ലോക്ക് ഉദ്ഘാടനം ചെയ്തു

പുഷ്പഗിരി ആശുപത്രി സൈക്യാട്രി വിഭാഗത്തിൽ കൂടുതൽ കിടക്കകളുമായി പുതിയ ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു. മദ്യത്തിനും മറ്റ് ലഹരി വസ്തുക്കളിലും അടിമപ്പെട്ടു ചികിത്സ തേടുന്നവർക്കായി പ്രത്യേക സൗകര്യങ്ങൾ ഈ വാർഡിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ ഫാമിലി തെറാപ്പി, മാരിറ്റൽ തെറാപ്പി, സൈക്കോ തെറാപ്പി, മോട്ടിവേഷൻ എൻഹാൻസ്മെന്റ് തെറാപ്പി, കോഗ്നിറ്റിവ് ബിഹേവിയറൽ തെറാപ്പി, ചൈൽഡ് & അഡോളസെന്റ് ഗൈഡൻസ് പ്രോഗ്രാം തുടങ്ങിയ സൗക ര്യങ്ങളും ഈ ബ്ലോക്കിൽ ക്രമീകരിച്ചിട്ടുണ്ട്. മലങ്കര കത്തോലിക്കാ തിരുവല്ല അതിരൂപത ആർച്ച്ബിഷപ്പ് അഭി. ഡോ. തോമസ് മാർ കൂറി ലോസ് മെത്രാപ്പോലീത്ത ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു.

### ◆ പുഷ്പഗിരി ആശുപത്രിയിൽ സൗജന്യ ഒ. പി കൺസൽറ്റേഷൻ

ക്രിസ്തുമസ്സിനോടനുബന്ധിച്ചു പുഷ്പഗിരി ആശുപത്രിയിൽ ഡിസംബർ 1 മുതൽ 31 വരെ ഒ. പി രജിസ്ട്രേഷനും ഡോക്ടർ കൺസ

ൽറ്റേഷനും തികച്ചും സൗജന്യം. ജനറൽ മെഡിസിൻ, ശിശുരോഗം, ത്വക്ക് രോഗം, സൈക്യാട്രി, ശ്വാസകോശ വിഭാഗം, ജനറൽ സർജറി, ഇ. എൻ.റ്റി, അസ്ഥിരോഗം, നേത്രരോഗം, ഗൈനക്കോളജി, വെരിക്കോസ് വെയിൻ എന്നീ വിഭാഗങ്ങളിലാണ് സൗജന്യ ഒ.പി ക്രമീകരിച്ചിരിക്കുന്നത്.

## ◆ മെഡിക്കൽ പ്രവേശനഫീസ് : പുഷ്പഗിരി മെഡിക്കൽ കോളേജിന് അഭിനന്ദനപ്രവാഹം

കേരളത്തിലെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ പഠിക്കാനുള്ള വാർഷിക ഫീസ് (7,65,000/-). ഏറ്റവും കുറവ് നിശ്ചയിച്ചത് പുഷ്പഗിരി മെഡിക്കൽ കോളേജ് ഉൾപ്പെടെ Kerala Christian Professional College Management's Federation നു കീഴിലുള്ള 4 കോളേജുകൾ. തൃശ്ശൂരിലെ ജൂബിലി, അമല, കോലഞ്ചേരി മോസ്ക് എന്നിവയാണ് മറ്റ് കോളേജുകൾ.

## ◆ സിസ്റ്റർ എമിലി എസ്.ഐ.സി ഓർമ്മയായി



ആറു പതിറ്റാണ്ടോളം സേവനത്തിനായി ജീവിതം സമർപ്പിച്ച സിസ്റ്റർ എമിലി S.I.C യാത്രയായി. ആതുര സേവനത്തിന്റെ മഹത്വം സ്വന്തം ജീവിതത്തിൽ വരച്ചുകാട്ടി മാതൃക നൽകിയ സന്യാസ ജീവിതം പുഷ്പഗിരി ആശുപത്രിയുടെ ആരംഭം മുതൽ ഓരോ വളർച്ചയ്ക്കും പിന്നിൽ സിസ്റ്ററിന്റെ സമർപ്പണത്തിന്റേയും, അധ്വാനത്തിന്റെയും വിലയുണ്ട്. 50 വർഷത്തോളം ഫാർമസി വിഭാഗത്തിന്റെ ഇൻചാർജ് ആയി സിസ്റ്റർ പ്രവർത്തിച്ചു. ഫാർമസി വിഭാഗത്തിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനും, മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും, വിവിധ റൂറൽ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിനും സിസ്റ്റർ നേതൃത്വം നൽകി. കഴിഞ്ഞ വർഷം തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ വെച്ചു നടന്ന പുഷ്പഗിരി വജ്ര ജൂബിലി ആഘോഷത്തിൽ വെച്ച് ആതുര സേവന രംഗത്ത് സിസ്റ്റർ നൽകിയ സംഭാവനകൾക്കായി സിസ്റ്ററിനെ ആദരിക്കുകയുണ്ടായി.

## ◆ പുഷ്പഗിരിക്ക് പുതിയ സ്പിരിച്വൽ ഡയറക്ടർ

രണ്ടു വർഷക്കാലം സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത് പുതിയ ശുശ്രൂഷകൾക്കായി ബഹറിനിലേക്ക് യാത്രയായ ബഹു. ഫ്രാൻസിസ് പടവുപുരയ്ക്കൽ കപ്പൂച്ചിൻ അച്ചന് പുഷ്പഗിരി കുടുംബത്തിന്റെ നന്ദി. ശുശ്രൂഷകൾക്കായി പുതുതായി കടന്നു വന്ന ബഹു. മേരി ജോൺ കപ്പൂച്ചിൻ അച്ചന് ഹൃദ്യമായ സ്വാഗതം.


— — — — — — — — — — — —

◆ **ഡോ. റോയി ഏബ്രഹാം കള്ളിവയലിന് ഐ.എം.എ അവാർഡ്**



മികച്ച സേവനത്തിനുള്ള 2019-20 ലെ ഐ.എം.എ അവാർഡിന് ഡോ. റോയി ഏബ്രഹാം കള്ളിവയലിൽ അർഹനായി. ലോക സൈക്യാട്രിക് അസോസിയേഷന്റെ ആഗോള സെക്രട്ടറി ജനറലും തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം മേധാവിയുമാണ് ഡോ. റോയി ഏബ്രഹാം കള്ളിവയലിൽ.

◆ **പ്രൊഫ. ഡോ. ദേവദത്തൻ എ.യ്ക്ക് അഭിനന്ദനങ്ങൾ.**



കേരള സർവ്വകലാശാല ഹെൽത്ത് സയൻസിൽ ഡെന്റൽ വിഭാഗം ഡീൻ ഓഫ് സ്റ്റഡീസ് ആയി തിരഞ്ഞെടുക്കപ്പെട്ട പ്രൊഫ. ഡോ. ദേവദത്തൻ എ.യ്ക്ക് പുഷ്പഗിരി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. പുഷ്പഗിരി മെഡിക്കൽ കോളേജിലെ കൺസർവേറ്റീവ് ഡെന്റിസ്ട്രി വിഭാഗം മേധാവിയാണ് പ്രൊഫ. ഡോ. ദേവദത്തൻ.

# വിദ്യാലയ പ്രേഷിത വേദി

## Management School News

## സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് - തിരുവല്ല അതിരൂപത

◆ **ഡോ.വർഗ്ഗീസ് പി. പീറ്റർ ചുമതലയേറ്റു**

തിരുവല്ല അതിരൂപത സ്ക്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫീസ്-ഇൻ-ചാർജ്ജ് ആയി 2020 നവംബർ 1 മുതൽ ഇരവിപേരൂർ ഇടവകാംഗമായ ഡോ.വർഗ്ഗീസ് പി. പീറ്റർ ചുമതലയേറ്റു. സംസ്ഥാന-ദേശീയ അദ്ധ്യാപക അവാർഡ് ജേതാവായ അദ്ദേഹം ഗവ.സ്ക്കൂൾ ഹെഡ്മാസ്റ്ററായി ജോലിയിൽ നിന്ന് വിരമിച്ചശേഷം ചെങ്ങരൂർ മാർ സേവേറിയോസ് ട്രെയിനിംഗ് കോളേജ് അദ്ധ്യാപകനായി പ്രവർത്തിച്ചു വരികയായിരുന്നു. രൂപതാ സൺഡേസ്ക്കൂൾ എക്സിക്യൂട്ടീവ് കമ്മറ്റി അംഗം, എം.സി.എ കേന്ദ്രസമിതി അംഗം, രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. മേരിഗിരി അരമനയോടു

ചേർന്നു പ്രവർത്തിക്കുന്ന സ്ക്കൂൾ ഓഫീസ് തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ പ്രവർത്തിക്കുന്നതാണ്. അദ്ധ്യാപകമേഖലയിൽ താത്പര്യവും യോഗ്യത യുമുള്ള അതിരൂപതാംഗങ്ങൾക്ക് ഓഫീസിൽ വന്ന് 100 രൂപാ അടച്ച് അപേക്ഷാ ഫോം വാങ്ങി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

### ◆ പ്രധാനാദ്ധ്യാപക മീറ്റിംഗ്

2020-2021 അദ്ധ്യയന വർഷത്തെ പ്രഥമാദ്ധ്യാപകരുടെ ആദ്യ യോഗം കോർപ്പറേറ്റ് മാനേജർ ബഹു. മാത്യു പുനക്കുളത്തിന്റെ അദ്ധ്യ ക്ഷതയിൽ തിരുമൂലപുരം സെന്റ്.തോമസ് ഹയർസെക്കന്ററി സ്ക്കൂളിൽ വെച്ച് 2020 ഓഗസ്റ്റ് മാസം 17-ാം തീയതി രാവിലെ 10 മണിക്ക് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ രൂപതയുടെ സ്ക്കൂളിലെ എല്ലാ പ്രഥമ അദ്ധ്യാപ കരും പങ്കെടുത്തു. സ്ക്കൂളിന്റെ ഉന്നമനം, കുട്ടികളുടെ സമഗ്രമായ വളർച്ച, പാഠ്യേതര വിഷയങ്ങൾക്കൂടി ഉൾപ്പെടുത്തികൊണ്ടുള്ള അദ്ധ്യാ പനം സാധിതമാക്കുക എന്നിവ മീറ്റിംഗിലെ ചർച്ചയുടെ പ്രധാന വിഷയ ങ്ങളായിരുന്നു. അദ്ധ്യക്ഷപ്രസംഗത്തിൽ ബഹു.ഫാ.മാത്യു പുനക്കുളം അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ ആശംസകൾ അറി യിച്ചു. മീറ്റിംഗിന് ശ്രീ. ഷാജി മാത്യു (സെന്റ്.തോമസ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ) സ്വാഗതവും ശ്രീമതി. ജയ മാത്യു (സെന്റ്.തോമസ് ഹയർ സെക്കന്ററി സ്ക്കൂൾ, പ്രിൻസിപ്പൽ) നന്ദിയും പ്രകാശിപ്പിച്ചു. 12 പ്രഥമ അദ്ധ്യാപകർ യോഗത്തിന് സംബന്ധിച്ചു.

### ◆ അനദ്ധ്യാപക മീറ്റിംഗ്

സ്ക്കൂളിന്റെ ഓഫീസ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ മുൻ നിരയിൽ നില്ക്കുന്ന സ്ക്കൂൾ അനദ്ധ്യാപകരുടെ പ്രവർത്തനം വളരെ വലുതാണ്. സ്ക്കൂൾ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനുമായി മാനേജർ ബഹു. ഫാ.മാത്യു പുനക്കുളത്തിന്റെ അദ്ധ്യക്ഷതയിൽ തിരുമൂലപുരം സെന്റ്. തോമസ് ഹയർസെക്കന്ററി സ്ക്കൂളിൽ വെച്ച് 2020 നവംബർ 13 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് മീറ്റിംഗ് നടത്തപ്പെട്ടു. ശ്രീ. ബഹനാൻ വർഗ്ഗീസ് (ക്ലർക്ക്, ഇരുവെള്ളിപ്ര സെന്റ്. തോമസ് ഹൈസ്ക്കൂൾ) സ്വാഗതം ആശംസിച്ചു. യോഗത്തിൽ സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ് ഇരുവെള്ളിപ്ര സെന്റ്. തോമസ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഷാജി മാത്യു കൂളിയാട്ടിനെ ആദരിച്ചു. തുടർന്ന് അനദ്ധ്യാപക ജീവനക്കാരുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. പ്രാർത്ഥനായോടു കൂടിയോഗം ഉച്ചയ്ക്ക് ഒരു മണിക്ക് സമംഗളം പര്യവസാനിച്ചു.

— — — — — — — — — — — —

## ◆ ഉപവാസ സമരം

ഭരണഘടന അനുവദിക്കുന്ന ന്യൂനപക്ഷവിദ്യാഭ്യാസ അവകാശങ്ങളിൽ വിട്ടുവീഴ്ച ചെയ്യാനാവില്ലെന്നും എയ്ഡഡ് മേഖലയിലുള്ള അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷന്റെയും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും നേതൃത്വത്തിൽ ഒക്ടോബർ 20 മുതൽ ആരംഭിച്ച ഉപവാസ സമരം സെക്രട്ടറിയേറ്റിന്റെ മുമ്പിലും കേരളത്തിലെ എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപഡയക്ടറുടെ ആഫീസിന്റെ മുമ്പിലും നടത്തി. കേരള സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽ, കഴിഞ്ഞ ഏതാനും വർഷങ്ങളിൽ **നിയമിതരായ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനങ്ങൾ യഥാവിധി അംഗീകരിച്ച് നൽകുന്നതിലെ കാലതാമസം ഒഴിവാക്കുക, ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുക** എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് **കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്** സംസ്ഥാന വ്യാപകമായി നടത്തിയ സമരത്തിന്റെ ഭാഗമായി 2020 ഒക്ടോബർ 28 മുതൽ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിന് മുമ്പിൽ കേരള കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡ് തിരുവല്ല അതിരൂപത-പത്തനംതിട്ട രൂപത സമിതികളുടെ ആഭിമുഖ്യത്തിൽ ഉപവാസ സമരം നടത്തി. തിരുവല്ല അതിരൂപത-പത്തനംതിട്ട രൂപതയിലെ വന്ദ്യ പിതാക്കന്മാർ, ബഹു. മാനേജർ അച്ചന്മാർ, സമിതികളുടെ ഭാരവാഹികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവരുടെ സജ്ജീവ സാന്നിദ്ധ്യം ഈ ഉപവാസ സമരത്തെ വിജയത്തിലെത്തിച്ചു. **അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായുടെ** നേതൃത്വത്തിൽ പിന്നീട് നടന്ന ഗവൺമെന്റുമായുള്ള ചർച്ചയിൽ സമരത്തിന് അനുകൂലമായ തീരുമാനമുണ്ടാകുകയും ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

## ◆ മാനേജേഴ്സ് മീറ്റിംഗ്

അതിരൂപതയിലെ എല്ലാ C.B.S.E. സ്കൂൾ മാനേജർമാരുടേയും ഓഡിറ്റേഴ്സിന്റെയും യോഗം 18-11-2020 ന് തിരുവല്ല മേരിഗിരി അരമനയിൽ വെച്ച് നടത്തപ്പെട്ടു. കോവിഡ് പശ്ചാത്തലത്തിൽ നേരിടുന്ന അക്കാഡമിക്, അഡ്മിനിസ്ട്രേറ്റീവ് തലങ്ങളിലെ പ്രതിസന്ധികളെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നു.

# മാക്ഫാസ്റ്റ്

◆ **മുഖം മിനുക്കി മാക്ഫാസ്റ്റ് കോളേജ്**

മാക്ഫാസ്റ്റ് കോളേജിന്റെ വിഖ്യാത ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായി ഏറ്റവും നൂതന സാങ്കേതിക വിദ്യകൾ ഉൾകൊണ്ട കമ്പ്യൂട്ടർ ലാബിന്റെ കൂദാശ കർമ്മം നവംബർ പതിനാറിന് തിരുവല്ല അതിഭദ്രാസനാധിപൻ ഡോ.തോമസ് മാർ കൂറിലോസ് മെത്രാപോലിത്ത നിർവഹിച്ചു. ഇതോടൊപ്പം കോളേജിലെ വിദ്യാർത്ഥികൾക്കും പുതു സംരംഭകർക്കും പുതു ഊർജം പകരുന്ന 'സ്റ്റാർട്ടപ്പ് കേന്ദ്ര ഫോർ യു' (SKY)എന്ന ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്ററിന്റെ ഉത്ഘാടനവും നിർവഹിച്ചു. ഇരുപത്തിയഞ്ച് സംരംഭകർക്ക് ഒരേ സമയം ഉപയോഗിക്കാവുന്ന തരത്തിൽ സജ്ജീകരിക്കപ്പെട്ട SKY (Startup Kendra for You) ൽ ഓഫീസ് സ്ഥലവും ഹൈസ്പീഡ് ഇന്റർനെറ്റ് സൗകര്യവും ലഭ്യമാണ്. കൂടാതെ പുതു സംരംഭകരെ സഹായിക്കാൻ കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന കൺസൾട്ടൻസിയും സദാസന്നദ്ധമാണ്. ഡിപ്പാർട്മെന്റ് ഓഫ് മീഡിയ സ്റ്റഡിസിന്റെ ഉദ്ഘാടനവും ഇതോടൊപ്പം നിർവഹിക്കപ്പെട്ടു. പ്രശസ്ത ചലച്ചിത്ര സംവിധായകനും, പൂനെഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ഷൻ ഡിപ്പാർട്ട്മെന്റ് ലെസീനിയർ അധ്യാപകനുമായിരുന്ന പ്രൊഫസർ കവിയൂർ ശിവപ്രസാദ്, ഡിപ്പാർട്ട്മെന്റ് ഓഫ് മീഡിയ സ്റ്റഡീസിന്റെ ഡയറക്ടറായി ചുമതലയേറ്റു.

എം.ബി.എ., എം.സി.എ. എന്നീ പ്രൊഫഷണൽ കോഴ്സുകൾകുപുറമെ ആറു ബയോ സയൻസ് കോഴ്സുകളും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ നൽകി വരുന്ന മാർ അത്തനാസിയോസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഈ അധ്യയന വർഷം മുതൽ എം.എസ്. സി ബയോനാനോ ടെക്നോളജി ബിരുദാനന്തര ബിരുദം നേടാനുള്ള അവസരവും ഒരുക്കുന്നു. അന്താരാഷ്ട്രനിലവാരമുള്ള ലാബ് സൗകര്യങ്ങൾക്ക് ഇന്ത്യ ഗവണ്മെന്റിന്റെ ഡിപ്പാർട്മെന്റ് ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസെർച്ചിന്റെ (DSIR) അംഗീകാരം ലഭിച്ചവയാണ്. ഇപ്പോഴിതാ പുതുതായി ആരംഭിച്ച ഡിപ്പാർട്മെന്റ് ഓഫ് മീഡിയ സ്റ്റഡീസിൽ നിന്ന് എം.എ. മൾട്ടിമീഡിയ പഠിക്കുവാനും അവസരം ഒരുക്കുകയാണ് മാക്ഫാസ്റ്റ് കോളേജ്.


ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ നൂറിലേറെ യൂണിവേഴ്സിറ്റി റാങ്കുകൾ സ്വന്തമാക്കിയ മാക്ഫാസ്റ്റിൽ നിന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് പി.എച്.ഡി എൻട്രൻസിൽ ഈ വർഷം അഞ്ചു വിദ്യാർഥികളാണ് മികച്ച റാങ്കോടെ യോഗ്യത നേടിയത്. യോഗ്യത പരീക്ഷകൾക്കായി വിദ്യാർത്ഥികളെ ഒരുക്കുന്ന മാക്ഫാസ്റ്റ് കോളേജിലെ അധ്യാപകരും, അതിനവസരം ഒരുക്കുന്ന മാനേജ്മെന്റും തുടർപഠനത്തിനും ഗവേഷണത്തിനുമുള്ള സാധ്യതകൾ വിദ്യാർത്ഥികൾക്കായി തുറന്നുനൽകുന്നു.

തിരുവല്ല അതിരൂപത വികാരി ജനറൽ മോൺസിഞ്ഞോർ ചെറിയാൻ താഴമൺ, മുൻ ഡി.ജി.പി. ശ്രീ.ജേക്കബ് പുന്നൂസ്, മുൻസിപ്പൽ ചെയർമാൻ ശ്രീ.ആർ.ജയകുമാർ, സാമൂഹ്യപ്രവർത്തക ഡോ.എം. എസ്. സുനിൽ, മാക്ഫാസ്റ്റ് കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചെറിയാൻ ജെ.കോട്ടയിൽ, റേഡിയോ മാക്ഫാസ്റ്റ് ഡയറക്ടർ റവ.ഫാ.ചാക്കോ മേലേടത്ത്, മാക്ഫാസ്റ്റ് കോളേജ് അഡ്മിനിസ്ട്രേറ്റർ ശ്രീ. വർഗീസ് എബ്രഹാം, റവ.ഫാ. തോമസുകുട്ടി പതിനെട്ടിൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

മാധ്യമപ്രവർത്തകനും, റേഡിയോ മാക്ഫാസ്റ്റ് മുൻ സ്റ്റേഷൻ ഡയറക്ടറും ആയിരുന്ന ജോർജ് മാത്യുവിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മികച്ച സാമൂഹ്യപ്രവർത്തകർക്കുള്ള ഈവർഷത്തെ 'നിസ്വാർത്ഥ' പുരസ്കാരം സാമൂഹ്യപ്രവർത്തക ഡോ.എം.എസ്. സുനിലിനു അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത സമ്മാനിച്ചു.

**ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ നാമത്തിൽ മാക്ഫാസ്റ്റ് കോളേജിൽ പുതുതായി നിർമ്മിച്ച കമ്പ്യൂട്ടർ ലാബ്**






വന്ദ്യ വർക്കി ചുണ്ടേവാലേൽ അച്ചന്
തിരുവല്ല അതിഭദ്രാസനത്തിന്റെ

## ആദരാഞ്ജലികൾ



ഷെവലിയാർ വർഗീസ് കരിപ്പായിൽ സാറിന്
തിരുവല്ല അതിഭദ്രാസനത്തിന്റെ

## ആദരാഞ്ജലികൾ



മോൺ. ചെറിയാൻ താഴമൺ അച്ചൻ രചിച്ച **''കോറഹ് ദാത്താൻ അബീറാം''** എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ തിരുമേനി മോൺ. വർക്കി ആറ്റുപുറം അച്ചന് നൽകി നിർവ്വഹിക്കുന്നു. ദൈവത്തെ കണ്ടെത്തുവാനും അവനിൽ ആഴപ്പെടുവാനും അവന്റെ അത്ഭുതകരമായ ഇടപെടലുകൾ അനുദിന ജീവിതത്തിൽ അനുഭവിക്കുവാനും സഹായിക്കുന്ന 35 വിചിന്തനങ്ങളുടെ സമാഹാരം.

പ്രസാധകർ: മദ്ധ്യസ്ഥൻ ബുക്ക്സ്.
വിതരണം: സെന്റ് ജോസഫ്സ് ഓർഫണേജ് ബുക്ക് സ്റ്റാൾ ചങ്ങനാശ്ശേരി.
പേജ് : 174, വില : 195/-




തിരുവല്ല അതിഭദ്രാസനത്തിന്റെ മൂന്നാമത്തെ അദ്ധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിനെക്കുറിച്ചു മോൺ. ചെറിയാൻ താഴമൺ അച്ചൻ എഴുതിയ **''ക്രാന്തദർശിയായ പിതാവ്''** എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ തിരുമേനി പ്രകാശനം ചെയ്യുന്നു.



മാവേലിക്കര പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രലിൽവച്ച് നടന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുനരൈക്യ നവതി ആഘോഷങ്ങളുടെ സമാപനത്തിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ ആശീർവ്വാദം നല്കുന്നു. ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ. ജോസഫ് മാർ തോമസ്, ഡോ. സാമുവൽ മാർ ഐറേനിയോസ്, ഡോ. വിൻസെൻറ് മാർ പൗലോസ്, ഡോ. തോമസ് മാർ യൗസേബിയൂസ്, ഡോ. ഗീവർഗീസ് മാർ മക്കാറിയോസ്, ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം,ആർച്ച്ബിഷപ് മാത്യു മൂലക്കാട്ട്, ആർച്ച്ബിഷപ് ജോസഫ് പെരുന്തോട്ടം, കൊല്ലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പോൾ ആന്റണി മുല്ലശ്ശേരി എന്നിവർ സമീപം.

# ഓർമ്മപ്പെരുന്നാൾ

ഒക്ടോബർ 10



അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ്
മെത്രാപ്പോലീത്ത

നവംബർ 3



അഭി. പൗലോസ് മാർ പീലക്സിനോസ്
മെത്രാപ്പോലീത്ത

ആദരാഞ്ജലികൾ



മാർ പോൾ ചിറ്റിലപ്പള്ളി

ആദരാഞ്ജലികൾ



ഫാ. സൈമൺ എലുവത്തിങ്കൽ

St.Joseph's Offset Printing Press Tvla # 0469 2602936